
TRUTH SHALL MAKE YOU FREE

# മലങ്കരസഭ

## മാസിക



കോട്ടയത്ത് സെൻറ് അപ്രേം എക്യുമിനിക്കൽ റിസേർച്ച് ഇൻസ്ററിററ്യൂട്ടിൽ നടന്ന
അന്തർദേശീയ സുറിയാനി കോൺഫറൻസിൻെറ സമാപനസമ്മേളനത്തിൽ
പ. കാതോലിക്കാബാവാ അദ്ധ്യക്ഷപ്രസംഗം ചെയ്യുന്നു.

1987
ഒക്ടോബർ
ലക്കം 10
പുസ്തകം 42






MGOCSM ഹൈസ്ക്കൂൾ വിഭാഗം വാർഷിക കോൺഫറൻസ് പ. കാതോലിക്കാ ബാവാ ഭദ്രദീപം കൊളുത്തി ഉത്ഘാടനം ചെയ്യുന്നു. മാർ അത്താനാസ്യോസ്, മാർ തെയോഫീലോസ്, മാർ എപ്പിപ്പാനിയോസ് എന്നീ തിരുമേനിമാരും റമ്പാൻ തേയോഫോറോസ് കോറെപ്പിസ്ക്കോപ്പാ, ഫാ. തോമസ് കുര്യൻ എന്നിവരാണ് സമീപം.



സ്ലീബാദാസസമൂഹം 63-ാം വാർഷിക കോൺഫറൻസിൽ സമൂഹാദ്ധ്യക്ഷൻ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷപ്രസംഗം നടത്തുന്നു. റ്റി. വി. പീലിപ്പോസ് കോറെപ്പിസ്കോപ്പാ, ഫാ. റ്റി. പി. ഏലിയാസ്, ഫാ. എം. റ്റി. ശമുവേൽ, ഫാ. ഓ. തോമസ് എന്നിവരെയും കാണാം.





# മലങ്കരസഭ

10-10-1987



EDITORIAL BOARD

H. H. The Catholicos of the East (President)
H. G. Geevarghese Mar Osthathios Metropolitan (Vice President)
H. G. Paulose Mar Milithios Episcopa
Rev. Dr. V. C. Samuel
Rev. Fr. T. J. Joshua
Rev. Fr. Jacob Kurian
Rev. Fr. Lazarus O. I. C.
Dr. Samuel Chandanappally
Prof: C. J. Mannummood
Mr. Abraham Zacharia
Mr. Mathew Sankarathil
Mr. O. A. Mathew
Very Rev. Dr. N. J. Thomas Ramban (Chief Editor)
Rev. Fr. T. G. Zacharia (Manager)


## ഈ ലക്കത്തിൽ


* ഓർത്തഡോക്സ് സെമിനാരി സഭയുടെ പ്രകാശഗോപുരം
* ധ്യാനപംക്തി
* മലങ്കര അസോസ്യേഷൻ
* വൈദീകർക്കൊരു പഠനപദ്ധതി
* വിദ്യാഭ്യാസവും മലങ്കര ഓർത്തഡോക്സ് സഭയും
* എന്തിനീ പ്രളയവിവാദം ?
* അനുതാപ ഗീതങ്ങൾ
* മലങ്കര നസ്രാണികളും ജാതിത്തലവന്മാരും
* നസ്രാണികളുടെ കുടുമ്മിയും കുടുക്കനും
* മലങ്കരസഭയുടെ ആയുഷ്ക്കാലവരിക്കാർ
* അന്തർദേശീയ സുറിയാനി കോൺഫറൻസ്
* മഹാനായ മാർ ദീവന്നാസ്യോസ്
* സഭാവാർത്തകൾ
* ബൈബിൾപഠനം


# ഓർത്തഡോക്സ് സെമിനാരി സഭയുടെ പ്രകാശഗോപുരം

1987 ഒക്ടോബർ 4-ാം തീയതി ഞായറാഴ്ച നമ്മുടെ സഭയിൽ ആകമാനം വൈദികസെമിനാരിദിനം ആചരിച്ചുകഴിഞ്ഞിരിക്കുകയാണല്ലോ. മലങ്കരസഭയുടെ വളർച്ചയിൽ വളരെയേറെ നിർണ്ണായകമായ പങ്കുവഹിക്കുന്ന വൈദികസെമിനാരി ഉത്തരോത്തരം പുരോഗമിച്ചുകൊണ്ടിരിക്കുന്നു എന്നതിൽ സഭാമക്കളായ നമുക്ക് ദൈവത്തെ സ്തുതിക്കാം. പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിയുടെ കല്പനയനുസരിച്ച് സെമിനാരിക്കുവേണ്ടി നമ്മുടെ പള്ളികളിൽ പ്രാർത്ഥനകൾ നടത്തുകയും പ്രത്യേകം കാണിക്ക എടുക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. സഭാംഗങ്ങളിൽ നിന്ന് സംഭാവനകൾ സ്വീകരിക്കുന്നതിനുള്ള കവറുകൾ എല്ലാ ഭവനങ്ങളിലും എത്തിയിരിക്കുന്ന ഈ അവസരത്തിൽ സഭാശുശ്രൂഷകരായി പ്രവർത്തിക്കുവാനുള്ള 'നല്ല ഇടയന്മാരെ' പരിശീലിപ്പിക്കുന്ന ഈ സ്ഥാപനത്തിന്റെ ക്രമാനുഗതമായ വളർച്ചയും നിലനിൽപ്പും കൂടുതൽ ശക്തിപ്പെടുത്തേണ്ടതിലേക്ക് സഭാമക്കളുടെ ശ്രദ്ധ ഞങ്ങൾ ക്ഷണിക്കുകയാണ്.

1815-ൽ ആരംഭിച്ച ഈ അതിപുരാതന സ്ഥാപനം 1990-ൽ 175 വർഷം തികയുന്ന ജൂബിലി ആഘോഷിക്കുവാനായി തയ്യാറെടുത്തുവരികയാണെന്ന് അറിയുന്നു. അതോടനുബന്ധിച്ച് പല കർമ്മപരിപാടികളും ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതിലേക്ക് ഒരു കമ്മറ്റി നിയുക്തമായിട്ടുണ്ട്. നമ്മുടെ പൂർവ്വപിതാക്കന്മാർ ചെറിയ തോതിൽ ആരംഭിച്ചതാണെങ്കിലും ഇന്ന് ആ സ്ഥാപനം വളരെയേറെ വളർന്നുകഴിഞ്ഞു. ബിരുദാനന്തര ഗവേഷണസൗകര്യമുള്ള ഒരു ഒന്നാംകിട വേദശാസ്ത്രപഠനകേന്ദ്രമായി ഇന്ത്യയിലെങ്ങും ഇതു് അറിയപ്പെടുന്നു. മണിപ്പൂരി സംസ്ഥാനത്തുനിന്ന് രണ്ടു വിദ്യാർത്ഥികൾ ഇപ്പോൾ ഇവിടെ പഠിക്കുന്നതുതന്നെ അതിന്റെ തെളിവാണ്. അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന പ്രഗത്ഭരായ ഒരു അദ്ധ്യാപകവൃന്ദം ഇവിടെയുണ്ട്. അവരുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധത്തിലും പിന്തുണ നൽകുന്ന പ. ബാവാ തിരുമനസ്സിലെ അദ്ധ്യക്ഷതയിലുള്ള ഒരു ഗവേണിംഗ് ബോർഡും അതിനുണ്ട്. സഭാനേതൃത്വം ഈ സ്ഥാപനത്തിന്റെ വളർച്ചയിൽ കാര്യമായ പരിഗണന നൽകി പ്രവർത്തിച്ചുവരുന്നു. സഭാംഗങ്ങൾക്ക് എല്ലാംതന്നെ


ഋങ്ങളും നാം മക്കാക്ക് നൽകുന്നുണ്ട്. പക്ഷേ, അതോടുകൂടെ ലക്ഷ്യബോധമില്ലായ്മയും മോഹഭംഗങ്ങളും അസ്വസ്ഥതയും അവരിൽ വർദ്ധിച്ചു വരുന്നു.

നേരേ മറിച്ച് വിശുദ്ധനായ ആഗസ്തീനോസ് അദ്ദേഹത്തിന്റെ മാതാവിനെക്കുറിച്ച് പറയുന്നതു ശ്രദ്ധിച്ചാലും. ''എന്റെ അമ്മയുടെ മുലപ്പാലോടുകൂടെ യേശുക്രിസ്തുവിന്റെ നാമം ഞാൻ പാനം ചെയ്തിരുന്നു.'' ''കണ്ണുനീരിന്റെ മകൻ'' എന്ന പേരിൽ അറിയപ്പെട്ടിരുന്ന ആ സിദ്ധൻ, അവസാനം തന്റെ മാനസാന്തര ജീവിതത്തെ സ്മരിച്ചുകൊണ്ട് പറയുന്നു, ''ഞാൻ എല്ലാററിനും എന്റെ അമ്മയോട് കടപ്പെട്ടിരിക്കുന്നു.'' മാതാപിതാക്കളും ഗുരുക്കന്മാരും ഏതൊരു ജീവിത ദർശനത്താൽ നയിക്കപ്പെടുന്നുവോ, അതാണ് കുട്ടികളുടെ ജീവിതത്തെ സ്വാധീനിക്കുന്നതു്. നമ്മുടെ ജീവിതത്തിന്റെ സൂക്ഷ്മങ്ങളായ നന്മകളെയും തിന്മകളെയം, പെരുപ്പിച്ച് കാണിക്കുന്ന ഭൂതകണ്ണാടിയാണ് നമ്മുടെ മക്കാം. ഇൻഡ്യയുടെ സുഹൃത്തായിരുന്ന സി. എഫ്. ആൻഡ്രൂസിന്റെ പിതൃ സ്വത്തു് മുഴവൻ ചതിവിൽ വഞ്ചിച്ചെടുത്ത നീചനുവേണ്ടി ആൻഡ്രൂസിന്റെ അമ്മ തന്റെ പന്ത്രണ്ടു മക്കളെയും വിളിച്ചുകൂട്ടി പ്രാർത്ഥിച്ച മാതൃകയാണ്, ആൻഡ്രൂസിനെ ദീനബന്ധുവാക്കിത്തീർത്തു്. ഇതുപോലെയുള്ള മാതാപിതാക്കന്മാരാണ് ഇന്നത്തെ ഏററവും വലിയ ആവശ്യം.

നമ്മുടെ വാക്കുകളെക്കാൾ പ്രവൃത്തികൾ ശ്രദ്ധിക്കപ്പെടുന്നു. അസീസിയിലെ സെൻറ് ഫ്രാൻസിസ് പറഞ്ഞതുപോലെ, ''നമ്മുടെ ഓരോ ചലനങ്ങളും ഓരോ പ്രസംഗങ്ങളാകുന്നു''. ആ വിശുദ്ധന്റെ പ്രവൃത്തികൾ, സൽകർമ്മങ്ങൾ, അദ്ദേഹത്തിന്റെ വാക്കുകളെക്കാൾ ഉച്ചത്തിൽ സംസാരിച്ചതുകൊണ്ട്, അദ്ദേഹത്തിന് അധികം സംസാരിക്കേണ്ടി വന്നിട്ടില്ല. സ്നേഹത്തിന്റെ സൽപ്രേരണ കൊണ്ട് ചെയ്യുന്ന നിശ്ശബ്ദ പ്രവർത്തനങ്ങൾ മററുള്ളവരെ ദൈവീകരാക്കും.

പ്രാർത്ഥന:– സ്നേഹം നിറഞ്ഞ കർത്താവേ! നിന്റെ പൈതലായ എന്നെ നിന്നെ പോലെയാക്കണമേ. താഴ്മയും സ്നേഹവും എന്നിൽ വളർത്തണമേ. പിശാചിന്റെ ലക്ഷണം നിഗളവും സ്വാർത്ഥതയും അശുദ്ധിയുമാണെല്ലൊ?. അവ എന്നിൽ നിന്ന് സമൂലം നീക്കക്കളയണമേ. നീ തന്നെ വന്ന് എന്നിൽ പാർക്കണമേ. യേശുവേ, നിന്റെ സ്നേഹത്തിന്റെ പുൽ മാലികളിൽ എന്നെ നയിക്കണമേ. ആശ്വാസത്തിന്റെ സ്വച്ഛ ജലത്തിൽ നിന്ന് ഞാൻ സമൃദ്ധിയായി പാനം ചെയ്യുമാറാകണമേ. ആമ്മീൻ.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



സൈമണും കുടുംബവും, സലാല. എൽസി മാത്യു. മിസ്സസ്. അന്ന, രാജു.



രാജൻ, കുഞ്ഞൂഞ്ഞമ്മ, റൻജിൽ & രജീവ്, നൃമയാർഹമ്. ജോർജ് തോമസ്, കെ. വൈ. റോസമ്മ.



നമ്പർ: 222/87

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

മാർ തോമ്മാശ്ലീഹായുടെ സിംഹാസനത്തിൻമേൽ ആരൂഢനായിരിക്കുന്ന

## പൌരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും മലങ്കര സുറിയാനിക്രിസ്ത്യാനി അസോസ്യേഷൻ പ്രസിഡണ്ടും ആയ

## മോറാൻ മാർ ബസ്സേലിയോസ് മാർ തോമ്മാ മത്യൂസ് പ്രഥമൻ

(മുദ്ര)

നമ്മുടെ .......................................................................................പള്ളിവികാരിയും ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

നമ്മുടെ മലങ്കര സുറിയാനിക്രിസ്ത്യാനി അസോസ്യേഷന്റെ ഒരു യോഗം 1987 ഡിസംബർ 29–ാം തീയതി ചൊവ്വാഴ്ച പകൽ ഒരു മണിക്ക് താഴെ പറയുന്ന വിഷയങ്ങളെപററി ആലോചിച്ചു നിശ്ചയം ചെയ്യുന്നതിനു കോട്ടയം എം. ഡി. സിമ്മനാരി അങ്കണത്തിൽ വച്ചു കൂടുവാൻ തീരുമാനിച്ചിരിക്കുന്നു.

### ആലോചനാ വിഷയങ്ങൾ

1. മേൽപട്ടസ്ഥാനത്തേക്ക് ഒരാളെ തെരഞ്ഞെടുക്കുക.
2. വൈദിക ട്രസ്റ്റിയായിരുന്ന കോനാട്ട് ഏബ്രഹാം മല്പാന്റെ നിര്യാണംമൂലം വൈദിക ട്രസ്റ്റി സ്ഥാനം ഒഴിവായിരിക്കുകയാൽ തൽസ്ഥാനത്തേക്കു (വൈദിക ട്രസ്റ്റിയായി) ഒരാളെ തെരഞ്ഞെടുക്കുക.

പ്രസ്തുത അസോസ്യേഷൻ യോഗത്തിൽ ഹാജരായി ആ പള്ളി ഇടവകയെ പ്രതിനിധീകരിച്ച് മേൽ വിവരിച്ചിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച് അഭിപ്രായം പറയുന്നതിനും വോട്ടു ചെയ്യുന്നതിനുമായി ഒരു പട്ടക്കാരനെയും രണ്ട് അയ്മേനികളെയും സഭാഭരണഘടന 12-ാം വകുപ്പ് അനുസരിച്ച് പള്ളി ഇടവക യോഗം കൂടി പ്രതിപുരുഷന്മാരായി തെരഞ്ഞെടുത്തു് ഇതോടുകൂടി അയയ്ക്കുന്ന ഫാറത്തിലുള്ള അധികാരപത്രസഹിതം പള്ളിച്ചെലവിൽ അയയ്ക്കണം.

പ്രതിപുരുഷന്മാരെ തെരഞ്ഞെടുത്ത വിവരം അറിയിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് അറിയിപ്പു ഫോറവും ഇതോടൊന്നിച്ച് അയയ്ക്കുന്നു. ആ ഫാറം പൂരിപ്പിച്ച് അസോസ്യേഷൻ സെക്രട്ടറിക്ക് അസോസ്യേഷൻ യോഗ ദിവസത്തിന് കുറഞ്ഞപക്ഷം ഏഴ് ആഴ്ച മുമ്പ് (അതായതു് 9–11–87–ന്) മുമ്പ് കിട്ടത്തക്കവണ്ണം കാതോലിക്കേററ് ആപ്പീസ് ദേവലോകം കോട്ടയം-38 എന്ന വിലാസത്തിൽ റെജിസ്ററേഡ് പോസ്ററായി വികാരി അയച്ചുകൊടുക്കണം.

പ്രതിപുരുഷന്മാർ കോട്ടയം ബസ്സേലിയോസ് കോളജ് കെട്ടിടത്തിൽ യോഗദിവസം പകൽ ഒൻപതു മണിമുതൽ പന്ത്രണ്ടര മണിവരെയുള്ള സമയത്തു് ഹാജരായി അസോസ്യേഷൻ സെക്രട്ടറി പോൾ മത്തായിയെ അധികാരപത്രം ഏല്പിക്കുകയും ഹാജർ പുസ്തകത്തിൽ ഒപ്പിടുകയും യോഗസ്ഥലത്തു് പ്രവേശിക്കുന്നതിനുള്ള ബാഡ്ജുകൾ വാങ്ങിക്കൊള്ളുകയും യോഗസമയത്തിന് അര മണിക്കൂർ മുമ്പ് യോഗസ്ഥലത്തു് അവരവർക്ക് നിശ്ചയിച്ചിട്ടുള്ള സ്ഥാനങ്ങളിൽ ഇരിക്കുകയും ചെയ്യേണ്ടതാകുന്നു. പ്രതിപുരുഷന്മാരെ തിരിച്ചറിയുന്നതിന് ആവശ്യം വന്നാൽ അതിലേക്കു വികാരിയോ മററു പട്ടക്കാരനോ നേരിട്ട് സ്ഥലത്തു വച്ചു സാക്ഷ്യം കൊടുക്കേണ്ടതാകുന്നു.

പ്രതിപുരുഷന്മാരുടെ സ്ഥാന സാധുത്വത്തെ പററി പരാതി ഉണ്ടായാൽ അതു കേട്ടു തീരുമാനിക്കുന്നതിനും മററുമായി ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനും കെ. ജി. തോമസ് കത്തനാർ കൊററത്തുവിള, പി. ജോർജ് കത്തനാർ (കററാനം), ജസ്ററീസ് (Retd) എം. യു. ഐസക്ക്, മലയാള മനോരമ ചീഫ് എഡിററർ കെ. എം. മാത്യു, കെ. ജോർജ് അഡ്വോക്കേററ് കോട്ടയം, എ. ഇസഡ് ജേക്കബ് അഡ്വോക്കേററ് കോട്ടയം എന്നിവർ അംഗങ്ങളുമായി ഒരു ട്രിബ്യൂണലിനെ അസോസ്യേഷൻ മാനേജിംഗ് കമ്മററിയുമായി ആലോചിച്ച് നാം നിയമിച്ചിരിക്കുന്നു. ട്രിബ്യൂണൽ പരാതി വിചാര

ണയ്ക്കായി 1987 നവംബർ 24–ാം തീയതി ചൊവ്വാഴ്ച മുതൽ 26–ാം തീയതി വ്യാഴാഴ്ച വരെയുള്ള തീയതികളിൽ പകൽ ഒൻപതു മണി മുതൽ അഞ്ചു മണിവരെ കോട്ടയം കാതോലിക്കേററ് അരമനയിൽ കൂടുന്നതാകുന്നു. ട്രിബുണൽ ചെയ്യുന്ന തീരുമാനം അവസാനതീരുമാനം ആയിരിക്കും.

യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതിനോ, യോഗാരംഭത്തിനു ശേഷം യോഗം തുടർന്ന് നടത്തി കൊണ്ടുപോകുന്നതിനോ, നടത്തുന്നതിന് നമ്മെ സഹായിക്കുന്നതിനോ, വൈസ് പ്രസിഡണ്ടന്മാരിൽ ആരെ എങ്കിലും നിയോഗിക്കുന്നതിന് നമുക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാകുന്നു.

യോഗം സംബന്ധിച്ച ക്രമീകരണങ്ങളേയോ, യോഗനടപടികളെയോപററി നാം നേരിട്ടോ, നമ്മുടെ ഓഫീസ് മുഖാന്തിരമോ പിന്നാലെ പ്രസിദ്ധപ്പെടുത്തുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് നടക്കേണ്ടതാകുന്നു.

മേൽ വിവരിച്ചിട്ടുള്ള അസോസ്യേഷൻ യോഗം കൂടുന്നതും തെരഞ്ഞെടുപ്പുകൾ നടത്തുന്നതും മററും 15–9–1970 മുതൽ നടപ്പിലിരിക്കുന്ന നടപടിചട്ടങ്ങൾ അനുസരിച്ച് ആയിരിക്കുന്നതാകുന്നു. ആ നടപടി ചട്ടങ്ങളുടെ ഒരു പ്രതി നമ്മുടെ മുദ്ര വച്ച് ഇതോടൊന്നിച്ച് അയച്ചിരിക്കുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയതു് ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൻെറയും ഇൻഡ്യയുടെ കാവൽ പിതാവായ മാർ തോമ്മാ ശ്ളീഹായുടെയും ശേഷം സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ............ഇത്യാദി.

1987 സെപ്ററംബർ 1–ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽ നിന്നു്

(ഒപ്പ്)

# മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ യോഗം

29–12–1987

## പ്രതിപുരുഷന്മാരുടെ തെരഞ്ഞെടുപ്പ് അറിയിപ്പ്

| | | | | | | |
|---|---|---|---|---|---|---|
| 1 | മെത്രാസന ഇടവക | | | | | |
| 2 | പള്ളി ഇടവക | | | | | |
| 3 | ഇടവകയോഗം കൂടിയ | സ്ഥലം | | | | |
| | | തീയതി | | | | |
| 4 | ഇടവകയോഗാദ്ധ്യക്ഷൻെറ പേരും മേൽവിലാസവും ഒപ്പും | | | | | |
| 5 | തെരഞ്ഞെടുക്കപ്പെട്ട പ്രതിപുരുഷന്മാരുടെ പേരും മേൽവിലാസവും ഒപ്പും | ക്രമ നമ്പർ | പേരു് | മേൽവിലാസം | ഒപ്പ് | |
| | | 1 | | | | |
| | | 2 | | | | |
| | | 3 | | | | |

ഈ തെരഞ്ഞെടുപ്പ് അറിയിപ്പ ഫാറം ശരിയായി പൂരിപ്പിച്ച് 9–11–1987 ന മുമ്പ് അസോസ്യേഷൻ സെക്രട്ടറിക്ക് കിട്ടത്തക്കവണ്ണം അയച്ചുകൊടുക്കേണ്ടതാകുന്നു.

സ്ഥലം
തീയതി

ഇടവക വികാരിയുടെ പേരും ഒപ്പും



# മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ പ്രതിപുരുഷന്മാരുടെ അധികാരപത്രം

.... .... .... .... .... .... .... .... .... ....പള്ളി

മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസ്യേഷൻ പ്രസിഡണ്ടും മലങ്കര മെത്രാപ്പോലീത്തായുമായ മോറാൻ മാർ ബസ്സേലിയോസ് മാർ തോമ്മാ മത്യൂസ് പ്രഥമൻ കാതോലിക്കാബാവാ തിരുമനസ്സിലേക്ക്.

1987 ഡിസംബർ 29–ാം തീയതി ചൊവ്വാഴ്ച പകൽ ഒരു മണിക്ക് കോട്ടയം എം. ഡി, സിമ്മനാരി അങ്കണത്തിൽ വച്ചു കൂടുവാൻ നിശ്ചയിച്ചിരിക്കുന്ന അസോസ്യേഷൻ യോഗത്തെ സംബന്ധിച്ച് കൽപ്പിച്ചയച്ച നോട്ടീസ് സഭാഭരണഘടന 12–ാം വകുപ്പനുസരിച്ച് ഈ പള്ളിയിൽ പ്രസിദ്ധപ്പെടുത്തി. ഈ പള്ളി ഇടവകയോഗം ഇന്നേദിവസം.... .... .... .... ....അദ്ധ്യക്ഷതയിൽ കൂടി പ്രസ്തുത നോട്ടീസ് വീണ്ടും വായിച്ച് അതിൽ വിവരിച്ചിട്ടുള്ള സംഗതികളെപ്പററി പ്രസ്തുത അസോസ്യേഷൻ യോഗത്തിൽ ഹാജരായി ഈ ഇടവകയ്ക്കുവേണ്ടി അഭിപ്രായം പറയുന്നതിനും വോട്ടു ചെയ്യുന്നതിനും ഈ ഇടവക പ്രതിപുരുഷന്മാരായി

1.... .... .... .... .... .... .... ....കത്തനാർ
2.... .... .... .... .... .... .... .... ....
3.... .... .... .... .... .... .... .... ....

ഇവരെ തെരഞ്ഞെടുത്ത് അധികാരപ്പെടുത്തിയിരിക്കുന്നു.

അദ്ധ്യക്ഷൻ (പൂർണ്ണമായ പേരും ഒപ്പും).... .... .... .... .... ....
.... .... .... .... .... .... .... .... ....
1987.... .... ....മാസം.... .... ....തീയതി

അദ്ധ്യക്ഷൻ വികാരി അല്ലാത്തപക്ഷം അദ്ധ്യക്ഷനെ നിയോഗിച്ച വികാരി (പൂർണ്ണമായ പേരും ഒപ്പും)
.... .... .... .... .... .... .... .... ....

ടി തെരഞ്ഞെടുപ്പിനെ ഞങ്ങൾ സ്വീകരിച്ചിരിക്കുന്നു. (പ്രതിപുരുഷന്മാരുടെ പൂർണ്ണമായ പേരും ഒപ്പും)

1.... .... .... .... .... .... .... കത്തനാർ
2.... .... .... .... .... .... .... .... ....
3.... .... .... .... .... .... .... .... ....

## ഇടവകയോഗത്തിൽ സംബന്ധിച്ച ഇടവകാംഗങ്ങൾ

N. B. ഇടവകാംഗങ്ങൾ ഒപ്പിടുന്നതിന് സ്ഥലം മതിയാകാതെ വരുന്നപക്ഷം കൂടുതൽ കടലാസുകൾ വരച്ചു ചേർക്കാവുന്നതാകുന്നു.

| താലൂക്ക് | വില്ലേജ് | പൂർണ്ണമായ പേരും മേൽവിലാസവും | ഒപ്പ് |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |

ഈ അധികാരപത്രം ശരിയായി പൂരിപ്പിച്ച് യോഗദിവസമായ 29–12–1987 ൽ അസോസ്യേഷൻ സെക്രട്ടറിയെ ഏല്പിക്കേണ്ടതാകുന്നു.

# വൈദീകർക്കൊരു പഠനപദ്ധതി

## മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ

ആലുവ ഫെല്ലോഷിപ്പ് ഹൗസിൽ വെച്ച്, കെ. സി. ചാക്കോ അക്കാദമിയുടെ പ്രവർത്തനമായി കഴിഞ്ഞ മെയ് മാസത്തിൽ മൂന്നു ദിവസത്തെ പഠനപദ്ധതി നടത്തി. വിവിധ പ്രസ്ഥാനങ്ങളുടെ മാനേജറന്മാർക്കായിട്ടാണ് സാധാരണയായി ഇവിടെ പഠനപദ്ധതികൾ നടത്തിക്കൊണ്ടിരിക്കുന്നത്. വൈദീകർക്കായി ഇത് ഇദംപ്രഥമമായി നടത്തുകയായിരുന്നു. ഇടുക്കിയിൽനിന്നും അങ്കമാലിയിൽനിന്നും 13 പേർ ഇതിൽ സംബന്ധിച്ചിരുന്നു. ഇതിന് നേതൃത്വം നൽകിയതു് ഇതിന്റെ ഡയറക്ടർ മി. എൻ. പി. ഏബ്രഹാമായിരുന്നു.

ഒരു ഇടവക വികാരിയുടെ പ്രവർത്തനം വിജയകരമായി തീരുന്നതിന് വ്യക്തി ബന്ധങ്ങൾ തൃപ്തികരമായിരിക്കണമെന്നുള്ളതിനാൽ കമ്മ്യൂണിക്കേഷൻ (ആശയവിനിമയം) എന്ന വിഷയത്തെക്കുറിച്ചാണ് പ്രധാനമായി ക്ലാസെടുത്തത്.

ഒരു പട്ടക്കാരന് ജനങ്ങളോടുള്ള ബന്ധം ശരിയാകണമെങ്കിൽ, തനിക്ക് തന്നോടു തന്നെയുള്ള ബന്ധവും, താനും ദൈവവുമായുള്ള ബന്ധവും ശരിപ്പെടണം. നാം നമ്മെത്തന്നെ അംഗീകരിക്കുകയും, നമ്മോടുതന്നെ ക്ഷമിക്കുകയും, നമ്മെക്കുറിച്ചു തന്നെ ബഹുമാനമുണ്ടായിരിക്കുകയും ചെയ്യുമ്പോഴാണ്, നമുക്ക് മറ്റുള്ളവരെ അംഗീകരിക്കുവാനും, അവരോട് ക്ഷമിക്കുവാനും, അവരെ ബഹുമാനിക്കുവാനും സാധിക്കുന്നത് എന്ന് പ്രത്യേകം ചൂണ്ടിക്കാണിക്കുകയുണ്ടായി.

വ്യക്തികൾ തമ്മിലുള്ള ബന്ധം ശരിപ്പെടുത്തുന്നതിന് അവർ തമ്മിലുള്ള ആശയ വിനിമയം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. വാമൊഴിയിലുള്ള ആശയവിനിമയവും, ശബ്ദരഹിതമായ ആശയവിനിമയവും വിശദീകരിക്കപ്പെട്ടു. ആംഗ്യങ്ങളും നയനവിക്ഷേപവും മുഖഭാവവുമെല്ലാം ആശയവിനിമയത്തിൽ വഹിക്കുന്ന സുപ്രധാനസ്ഥാനം ചൂണ്ടിക്കാണിച്ചു.

ഒരു അഭ്യാസമെന്നനിലയിൽ ഓരോരുത്തരോടും ഏതെങ്കിലും വിഷയത്തെക്കുറിച്ച് മൂന്ന് മിനിട്ട് നേരം പ്രസംഗിക്കാൻ ആവശ്യപ്പെട്ടു. പ്രസംഗം നടന്നതോടൊപ്പം പ്രസംഗകന്റെ ആംഗ്യങ്ങളും മറ്റും നോട്ടു ചെയ്യത്തക്കവണ്ണം, വീഡിയോ ഫിലിമിൽ പകർത്തിക്കൊണ്ടിരുന്നു. അനന്തരം വീഡിയോയിൽക്കൂടെ ഓരോരുത്തരുടെയും പ്രസംഗം പ്രദർശിപ്പിച്ചു. പ്രസംഗം കേൾവിക്കാരിൽ കൂടുതൽ ഗാഢമായ സ്വാധീനം ചെലുത്തുന്നതിന് കൈയുടെ ചലനം, മുഖഭാവം, നോട്ടം, ശബ്ദവ്യത്യാസം മുതലായവ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് ഓരോ പ്രസംഗവും കഴിഞ്ഞുള്ള ചർച്ചയിൽ കൂടി വിശദീകരിച്ചു. മിക്കവരുടെയും മുഖത്ത് ഉദ്വേഗം (tension) പ്രകടമായിരുന്നെന്നും, അതല്ല ശാന്തവും ക്ലേശരഹിതവുമായ മുഖഭാവമാണ് വേണ്ടതെന്നും ഡയറക്ടർ ചൂണ്ടിക്കാണിച്ചു.

നമ്മുടെ കാഴ്ചപ്പാടും, വ്യക്തിത്വധാരണകളും, നമ്മുടെമനോഭാവം, വിശ്വാസം, മൂല്യങ്ങൾ, അഭിപ്രായങ്ങൾ തുടങ്ങിയവയും, ആശയവിനിമയത്തെ എങ്ങനെസ്വാധീനിക്കുന്നു എന്ന് ഡയറക്ടർ വിശദീകരിക്കുകയുണ്ടായി. ഒരു വ്യക്തിയെക്കുറിച്ചോ, ഒരു വസ്തുവിനെക്കുറിച്ചോ, ശരിയായ കാഴ്ചപ്പാട് കിട്ടാൻ എന്ത്ചെയ്യണം, ശരിയായ കാഴ്ചപ്പാടിന് പ്രതിബന്ധ

### മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



മിസ്സ്. പ്രീതാ സാം, നെല്ലിപ്പള്ളി.



# വിദ്യാഭ്യാസവും മലങ്കര ഓർത്തഡോക്സ് സഭയും

## ജോസഫ് കെ. അലക്സാണ്ടർ

(റിട്ട. കൊളിജിയേററ്, എഡ്യൂക്കേഷൻ ഡയറക്ടർ)

മലങ്കര ഓർത്തഡോക്സ് സഭ തികച്ചും ഇന്ത്യൻ സഭയാണ്. കേരള ചരിത്രവും സഭാചരിത്രവും പരിശോധിച്ചാൽ കേരളത്തിൽ ഇന്നുള്ള ഭൂരിപക്ഷമായ ഹിന്ദുസമുദായത്തേക്കാൾ പൂർവ്വീകമാണ് സെൻറ് തോമസിന്റെ കേരള ക്രൈസ്തവസഭ എന്ന് മനസ്സിലാക്കാം. ആര്യസംസ്കാരാധിഷ്ഠിതമായ ഇന്നത്തെ ഹിന്ദു സമുദായം ഒന്നാം നൂററാണ്ടിൽ കേരളത്തിൽ ഉണ്ടായിരുന്ന പ്രകൃതി മതത്തിൽനിന്നും വളരെ ഭിന്നമാണ്. ഒന്നാം നൂററാണ്ടിൽ സെൻറ് തോമസ് സ്ഥാപിച്ച കേരള ക്രൈസ്തവ സഭയും, പോർട്ടുഗീസുകാരുടെയും ഡച്ചുകാരുടേയും ഇംഗ്ലീഷുകാരുടേയും ആശയനിവേശങ്ങളാൽ അല്പം വ്യത്യാസപ്പെട്ടിട്ടുണ്ടെങ്കിലും, അതിന്റെ ഓർത്തഡോക്സിക്ക് കോട്ടം തട്ടിയിട്ടില്ല എന്നതുകൊണ്ടാണ് മാററങ്ങൾ സംഭവിച്ച ഹിന്ദുസമുദായത്തേക്കാൾ പൗരാണികമാണ് കേരള ക്രൈസ്തവസഭ എന്ന് പറഞ്ഞതിനുള്ള കാരണം.

മായ ഘടകങ്ങൾ എന്തൊക്കെയാണ്, പള്ളിക്കമ്മററിയിൽ വിരുദ്ധാഭിപ്രായങ്ങൾ പൊന്തിവരുമ്പോൾ വൈദികന്റെ നിലപാട് എന്തായിരിക്കണം, തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ ചർച്ച്യ്ക്ക് വിഷയമായി.

പ്രധാനമന്ത്രി രാജീവ് ഗാന്ധിയെക്കുറിച്ച് ആറേഴുവാക്യങ്ങൾ രചിക്കുവാൻ ആവശ്യപ്പെട്ടതായിരുന്നു, മറെറാരുഅഭ്യാസം. പതിമൂന്നു പേരുടെയും അഭിപ്രായങ്ങൾ ഭിന്നങ്ങളായിരുന്നു. ഓരോരുത്തരുടെയും കാഴ്ചപ്പാടുകളുടെ പരിമിതി മനസ്സിലാക്കാൻ ഈ ചർച്ച്സഹായിച്ചു.

തുറന്ന മനസ്സോടുകൂടി വർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പ്രത്യേകം ഊന്നിപ്പറയുകയുണ്ടായി. ശരിയായ ആശയവിനിമയം നടക്കണമെങ്കിൽ ശ്രദ്ധയോടും സഹാനുഭൂതിയോടും കൂടി കേൾക്കേണ്ടതാണ്.

ശരിയായ മനഃശാന്തി ഇല്ലാത്തപ്പോൾ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാതിരിക്കുന്നതാണ് നല്ലതെന്നും, ശാന്തമായ വേറൊരവസരത്തിലേക്ക് അത് നീട്ടി വയ്ക്കണമെന്നും നിർദ്ദേശിക്കുകയുണ്ടായി. മററുള്ളവരെക്കുറിച്ചുള്ള മുൻ വിധി, പലപ്പോഴും തെററായ ധാരണകൾക്ക് ഇടയാക്കുമെന്നുള്ളത്, ഉദാഹരണസഹിതം തെളിയിച്ചു. പരാതിക്കാരുടെ ആവർത്തനത്തോടു കൂടിയ ദീർഘമായ സംസാരങ്ങൾ എങ്ങനെ ഒഴിവാക്കാമെന്നും പ്രതിപാദിക്കപ്പെട്ടു.

സ്വന്തം വ്യക്തിത്വത്തെപ്പററിയുള്ള ധാരണ വളർത്തുന്നതോടൊപ്പം നമ്മുടെ കഴിവുകളെപ്പററിയും കഴിവുകേടുകളെപ്പററിയുമുള്ള അവബോധം ആവശ്യമാണ്. മററുള്ളവർ നമ്മെക്കുറിച്ച് എന്താണ് പറയുന്നതെന്ന്, അറിഞ്ഞിരിക്കേണ്ടതുമാണ്. ജീവിതത്തിൽ ലക്ഷ്യബോധത്തിനുള്ള സ്ഥാനവും ആ ലക്ഷ്യം സാക്ഷാൽക്കരിക്കുകയും വികസിപ്പിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യവും പ്രത്യേകം ചൂണ്ടിക്കാണിക്കുകയുണ്ടായി.

വൈദികർക്ക് സൗജന്യനിരക്കിലുള്ള ഫീസാണ് ചുമത്തിയിരുന്നത്. ഒരാൾക്ക് രൂപാ 150. ഫിലിം ഷോയിൽ കൂടി പല കാര്യങ്ങളും പഠിപ്പിച്ചിരുന്നു എന്നുള്ളതും, താമസസൗകര്യങ്ങളും ഭക്ഷണവും ഏററവും ഉന്നതമായ നിലവാരത്തിലുള്ളതും ഹൃദ്യവുമായിരുന്നു എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

ഇതിൽ സംബന്ധിച്ചവരിൽ വൈദികസെമിനാരിയിൽ പഠിച്ചവരും അല്ലാത്തവരും ഉണ്ടായിരുന്നു. ഇത് ഏററവും പ്രയോജനകരമായിരുന്നെന്ന് എവരും എന്നോട് പറയുകയുണ്ടായി. ഈ അഭിപ്രായം തന്നെയാണ് ഒരു ദിവസം അതിൽ സംബന്ധിച്ച എനിക്കും ഉള്ളത്. പത്തിൽ കുറയാതെയും പതിന്നാലിൽ കൂടാതെയുമാണ് ഒരു ബാച്ചിൽ എടുക്കുന്നതു്. പല ഗഡുക്കളിലായി, നമ്മുടെ വൈദികരെല്ലാവരും ഇതിൽ സംബന്ധിക്കത്തക്കവണ്ണം ക്രമീകരണം നടത്തുന്നത് സഭയുടെ നവോത്ഥാനത്തിന് ഒരളവിലെങ്കിലും സഹായിക്കുമെന്ന് ആശിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന മേൽവിലാസത്തിൽ എഴുതാവുന്നതാണ്.

Mr. N. P. Abraham, Director K. C. C,, Academy, Fellowship House Alwaye 2.

ഈ പൗരാണികമായ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഇരുപത്തി ഒന്നാം നൂററാണ്ടിൽ നിർവ്വഹിക്കേണ്ടതായ ഒരു വലിയ ദൗത്യം ഉണ്ട്. ഭൗതികതയും പണത്തിന്റെ അധീശതയും വർദ്ധിക്കുക കാരണം ലോകത്തിന്റെ മിക്കഭാഗങ്ങളിലും ജനത്തിന്റെ ആത്മീയത നശിച്ചുകൊണ്ടിരിക്കുകയാണ്. ആദിമക്രിസ്തീയസഭ മദ്ധ്യപൗരസ്ത്യ ദേശങ്ങളിൽ കേന്ദ്രീകരിച്ചിരുന്നു. എന്നാൽ പത്താം നൂററാണ്ടോടുകൂടി—ഇസ്ലാമിക ആക്രമണം കാരണം—ഈ ഒന്നാം ക്രിസ്തീയ സാമ്രാജ്യത (First Christendom) മധ്യേഷ്യയിൽ നിന്നും ഉന്മൂലനം ചെയ്യപ്പെട്ടു. പിന്നീടുള്ള നൂററാണ്ടുകൾ രണ്ടാം ക്രിസ്തീയ സാമ്രാജ്യതയുടെ കാലങ്ങളായിരുന്നു. യൂറോപ്പ് അമേരിക്ക മുതലായ രാജ്യങ്ങളിലായിരുന്നു, ഈ ഘട്ടത്തിൽ ക്രിസ്തുമതം കൂടുതലായി പ്രചരിച്ചിരുന്നത്. ഇരുപതാം നൂററാണ്ടിന്റെ അന്ത്യവിനാഴികൾ എണ്ണിക്കൊണ്ടിരിക്കുന്ന ഈ കാലങ്ങളിൽ പാശ്ചാത്യരാജ്യങ്ങളിൽ ക്രിസ്തുമതം നശിച്ചുകൊണ്ടിരിക്കുകയാണ്. ദൈവവിശ്വാസം ഉള്ളവർ തീർത്തും ഇല്ലാതായി എന്ന് പറയാവുന്നതല്ല. എങ്കിലും പള്ളികളും സഭയും അതിന്റെ ചട്ടക്കൂടുകളും അവിടങ്ങളിൽ ഇന്ന് അനാവശ്യമായി തീർന്നിരിക്കുകയാണ്. അടുത്ത നൂററാണ്ടുകളിൽ ക്രിസ്തുമതാനുയായികൾ കൂടുതലായികാണാൻ സാധ്യതയുള്ള പ്രദേശം, ആത്മീയത ഇന്നും നശിക്കാത്ത ജനങ്ങൾ അധിവസിക്കുന്ന ഇന്ത്യ മുതലായ കിഴക്കൻ രാജ്യങ്ങളാണ്. ഇരുപത്തി ഒന്നാം നൂററാണ്ടിൽ തുടങ്ങുന്ന ഈ മൂന്നാം ക്രിസ്തീയ സാമ്രാജ്യത ഇന്ത്യയിലും കിഴക്കൻ രാജ്യങ്ങളിലും ആയിരിക്കും വിരാജിക്കുക. ഈ മൂന്നാം ക്രിസ്തീയ സാമ്രാജ്യതയെ ഊട്ടിവളർത്തുന്നതിൽ പ്രധാനപങ്കു വഹിക്കാൻ ചുമതലയും അവകാശവും ഉള്ളവർ മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങളാണ്. ഈ ബോധവൽക്കരണം നമ്മുടെ ഇടയിൽ അടിയന്തിരമായുണ്ടാവേണ്ടിയിരിക്കുന്നു. ഈ ദൗത്യം നാം നിറവേററാൻ പ്രാപ്തരാകാതിരുന്നാൽ ക്രിസ്തുനാഥനോടും ഏഷ്യൻ സമൂഹത്തോടും ചെയ്യുന്ന ഏററവും വലിയ അനീതി ആയിരിക്കുമത്. ഈ ദൗത്യനിർവ്വഹണത്തിന് നാം എപ്രകാരമാണ് തയ്യാറാവേണ്ടത്, പ്രാപ്തരാകേണ്ടത് എന്ന് ഇനിയും ചിന്തിക്കാം.

ബുദ്ധിശാലികളാണ് എല്ലാ രംഗങ്ങളിലും സമൂഹത്തെ നിയന്ത്രിച്ചു നയിച്ചിട്ടുള്ളത്. ചാർലി മെയിനും, ജെംഗിസ്ഖാനും, അക്ബറും, അശോകനും, ഗാന്ധിയും, മാർക്സും, ഐൻസ്റ്റയിനും, ഡാർവിനും, മഹമ്മദും സൊറാസ്റ്ററും, ബുദ്ധനും എല്ലാം തന്നെ ബുദ്ധിമതികളായ ലോകനേതാക്കന്മാരായിരുന്നു. മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ബുദ്ധിശാലികളെ വാർത്തെടുക്കാൻ സാധിച്ചാൽ നാം നമ്മുടെ ദൗത്യനിർവ്വഹണത്തിന് പ്രാപ്തരായി തീരും.

മദ്ധ്യസ്ഥതയാലുള്ള
ഉപകാരസ്മരണയ്ക്ക്



കെ. കെ. സ്ററീഫൻ, നാഗലാൻറ്

ബുദ്ധി എന്നാൽ എന്തെന്ന് പരിശോധിക്കാം. മനുഷ്യന്റെ ചിന്ത രണ്ടുതരത്തിലാണ് പ്രകടമാകുന്നത്. ''കേന്ദ്രീകൃതചിന്തയും'' ''വികേന്ദ്രീകൃത ചിന്തയും'' കേന്ദ്രീകൃതചിന്ത (Convergent Thinking) പ്രശ്നങ്ങളെ പരിഹരിക്കുന്നതിനാണ് ഉപയോഗിക്കുന്നത്. വികേന്ദ്രീകൃത ചിന്ത (Divergent Thinking) പുതിയ കണ്ടുപിടിത്തങ്ങൾക്കും റിസേർച്ചിനും ഉപയോഗിക്കപ്പെടുന്നു. ജീവിതമണ്ഡലങ്ങളിൽ വിഹരിക്കുന്ന ഏതൊരു വ്യക്തിയും, പെട്ടെന്ന് ശരിയായ ഉത്തരം കണ്ടുപിടിക്കാൻ സാധിക്കാത്ത അനവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്. സഭാനേതാക്കന്മാരും, രാജ്യതന്ത്രജ്ഞന്മാരും, എന്നു വേണ്ട, ഇങ്ങേ അററത്തുള്ള ചെറിയ ഉദ്യോഗസ്ഥരും കുടുംബനാഥന്മാരും എല്ലാം ഈവിധ പ്രശ്നങ്ങളെ നേരിടുന്നുണ്ട്. ഏതൊരു പ്രശ്നത്തിനും ഒരു പുതിയ നല്ല ഉത്തരം പെട്ടെന്ന് കണ്ടുപിടിക്കുന്നവനെയാണ് ബുദ്ധിമാൻ എന്ന് പറയുന്നത്...അതിന് മൂന്നു കാര്യങ്ങൾ ആവശ്യമാണ്. ധാരാളം അറിവ്, കൂർമ്മതയുള്ള ഓർമ്മശക്തി, പെട്ടെന്ന് കാര്യങ്ങളെ മസ്തിഷ്കമാകുന്ന കമ്പ്യൂട്ടറിൽ വിശകലനം ചെയ്യാനുള്ള കഴിവ് എന്നിവ ഉണ്ടായാൽ പുതിയ ഒരുത്തരം ഏതു പ്രശ്നത്തിനും കണ്ടുപിടിക്കാവുന്നതാണ്. ഈ കഴിവുകൾ എൺപത്തിഒന്നാം വയസിൽ എത്തിയ നമ്മുടെ പ. കാതോലിക്കാബാവായിൽ ഇന്നും വളരെ പ്രകടമായി കാണാം എന്നതു് അദ്ദേഹത്തോടൊപ്പം പല കമ്മററികളിലും സംബന്ധിക്കാൻ ഭാഗ്യം സിദ്ധിച്ചിട്ടുള്ള എനിക്കു് അനുഭവ ബോധ്യമായിട്ടുള്ളതാണെന്ന വസ്തുത ഇവിടെ അനുസ്മരിക്കുന്നത് സന്ദർഭോചിതമെന്നു കരുതുന്നു.

അറിവും ഓർമ്മശക്തിയും വിശകലന കഴിവുകളും പ്രദാനം ചെയ്യുന്നതു് വിദ്യാഭ്യാസമാണ്. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെ പഴി പറയുന്നതു് ഒരു ഫാഷനായി തീർന്നിട്ടുണ്ട്. കേരള വിദ്യാഭ്യാസരംഗം ഈ കുററാരോപണങ്ങൾക്കു് അർഹയുമാണ്. എന്നാൽ തന്നെയും ഏററവും അധികം അറിവ് നമ്മുടെ മസ്തിഷ്ക കമ്പ്യൂട്ടറിൽ ശേഖരിച്ചു വയ്ക്കുന്നതിന് വിദ്യാഭ്യാസവും വായനയും അനിവാര്യമാണ്. പരീക്ഷാസമ്പ്രദായത്തിൽ കൂടെ നമ്മുടെ ഓർമ്മശക്തിയെ വികസിപ്പിച്ചെടുക്കേണ്ടതും അത്യാവശ്യമാണ്. അടിക്കടിയുള്ള വ്യായാമത്തിൽ കൂടി നമ്മുടെ ശരീരത്തിന്റെ മസിലുകളെ വികസിപ്പിക്കുന്നതുപോലെ അടിക്കടിയുള്ള പരീക്ഷകളിൽ കൂടി നമ്മുടെ ഓർമ്മശക്തിയേയും കൂർമ്മതയുള്ളതാക്കാൻ സാധിക്കും. ഏതു് കാര്യം ശ്രവിച്ചാലും അതിനെ മസ്തിഷ്കത്തിൽ വിശകലനം ചെയ്യുന്ന രീതിയും അപ്രകാരമുള്ള ഒരു വിശകലന വ്യായാമത്തിൽ കൂടെ മാത്രമെ വികസിപ്പിക്കുകയുള്ളു. ഇതാണ് വിദ്യാഭ്യാസലക്ഷ്യം. ചുരുക്കത്തിൽ ഉത്തമവിദ്യാഭ്യാസം കിട്ടുന്നവർ ബുദ്ധിശാലികളായി തീരും. ഏതു പ്രശ്നം കൈകാര്യം ചെയ്യേണ്ടിവരുമ്പോഴും തന്റെ മസ്തിഷ്കത്തിൽ സ്വരൂപിച്ചു വച്ചിരിക്കുന്ന അറിവിന്റെ ഭണ്ഡാഗാരത്തെ തുറന്ന്, ഓർമ്മശക്തിയാകുന്ന കഴിവിൽ കൂടി ആരെല്ലാം ഏതെല്ലാം സന്ദർഭങ്ങളിൽ സമാനമായ പ്രശ്നങ്ങളെ ഏതു വിധത്തിൽ തരണം ചെയ്തു എന്ന് ഓർമ്മിച്ചതിനുശേഷം ആ പരിഹാരമാർഗ്ഗങ്ങളെ വിശകലനം ചെയ്ത് അവയേക്കാൾ മെച്ചമായ ഒരു പുതിയ പരിഹാര മാർഗ്ഗം പെട്ടെന്ന് നിർദ്ദേശിക്കുന്നവനാണ് ബുദ്ധിമാൻ. ഇപ്രകാരമുള്ള ബുദ്ധിമാന്മാരെ സഭയിൽ വാർത്തെടുക്കാൻ നമുക്കു സാധിക്കണം.

ഓർത്തഡോക്സ് സഭയിലെ ചെറുപ്പക്കാർ ആഗ്രഹിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള സംവിധാനം സമൂഹത്തിൽ ഉണ്ടായിരിക്കണം, അവർക്കു് പഠിക്കാനുള്ള എൻജിനിയറിംഗ്, മെഡിക്കൽ, മാനേജ്മെൻറ്, കമേർസിയൽ എന്നിത്യാദി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായിരിക്കണം. അവ ആവശ്യത്തിനില്ലാത്തതുകൊണ്ടാണ് നമ്മുടെ വിദ്യാർത്ഥികൾ കൂട്ടംകൂട്ടമായി വളരെ ധനം ചെലവു ചെയ്ത് മററ് സംസ്ഥാനങ്ങളിൽ പോയി മററുള്ളവരുടെ സ്ഥാപനങ്ങളിൽ പഠിക്കുന്നതായി നാം കാണുന്നത്. വർഷംതോറും ഓർത്തഡോക്സുകാരുടെ പണം കോടികണക്കായി ഇങ്ങനെ ഉപയോഗിക്കപ്പെടുന്നു. ഇതു് ഒരുവിധത്തിൽ ചിന്തിച്ചാൽ വേണ്ട പ്രയോജനം കിട്ടാത്ത മുതൽ മുടക്കാണ്. നമ്മുടെ വിദ്യാർത്ഥികൾ നമ്മുടെ സ്ഥാപനങ്ങളിൽ പഠിച്ചാൽ മാത്രമെ മുടക്കു മുതൽ കൂടുതൽ ഫലപ്രദമായി തീരുകയുള്ളു.

നമ്മുടെ സഭയുടേതായ ഈമാതിരിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകണം എന്നുള്ളതിന് രണ്ടു മൂന്നു കാരണങ്ങൾ ചൂണ്ടിക്കാണിക്കാം.

1. ഓർത്തഡോക്സ് സഭയുടെ ദൗത്യം എന്താണെന്നും, ക്രിസ്തീയത എന്താണെന്നും ബോധവൽക്കരണം സിദ്ധിച്ചിട്ടുള്ള നമ്മുടെ സഭാംഗങ്ങളായ അദ്ധ്യാപകരുടെ ശിക്ഷണം കിട്ടിയാൽ മാത്രമെ അവരുടെ ജീവാംശമായി തീർന്നിട്ടുള്ള ഈ ആശയങ്ങൾ അവരുടെ വിദ്യാർത്ഥികളിലേക്കു് അവക്ക് പകർന്നുകൊടുക്കാൻ സാധിക്കുകയുള്ളു. മററ് സഭാംഗങ്ങൾ നമ്മുടെ വിദ്യാർത്ഥികളെ പഠിപ്പിച്ചാൽ വിദ്യാർത്ഥികൾക്കു് ഈ ബോധവൽക്കരണം സിദ്ധിക്കുകയില്ല. അതു

കൊണ്ടു് നമ്മുടേതായ എൻജിനീയറിംഗ്, മെഡിക്കൽ, മാനേജ്മെൻറ് എന്നിത്യാദി ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടാവണം. കൂടാതെ നമ്മുടെ അദ്ധ്യാപകർക്കു് അഞ്ചു വർഷം കൂടിയിരിക്കുമ്പോൾ ഈ വക കാര്യങ്ങളെ പഠിക്കുന്നതിനു് റിഫ്രഷർ കോഴ്സുകളും സംവിധാനം ചെയ്യേണ്ടതാണ്.

2. ഇന്നത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അച്ചീവ്മെൻറ് മോട്ടിവേഷൻ (Achievement Motivation) വിദ്യാർത്ഥികൾക്കു് കൊടുക്കുന്നതിനുള്ള സംവിധാനം ഉള്ളവയല്ല. വിദ്യാർത്ഥികളിൽ ലക്ഷ്യബോധം വളർത്തിയെടുക്കുന്നതും അതിനെപററി ഒരു കോൺസ്റ്റൻറ് കൺസേൺ (Constant concern) അവരിൽ അങ്കുരിപ്പിക്കുന്നതും ജീവിതവിജയത്തിനു് അത്യന്താപേക്ഷിതമാണ്. ഇതൊന്നും മററുള്ളവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും കിട്ടുമെന്നപ്രതീക്ഷിക്കേണ്ട. നമ്മുടെ സ്ഥാപനങ്ങൾ സ്വന്തമായുണ്ടായാൽ ഇവയൊക്കെ രൂപപ്പെടുത്തി എടുക്കാൻ സാധിക്കും.

3. ജീവിതലാളിത്യവും സത്യതൃഷ്ണയുമാണ് വിദ്യാഭ്യാസം എന്ന് പോൾ നാഷ് പറയുന്നു. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇവയ്ക്കു പകരം രാഷ്ട്രീയത്തിനാണ് പ്രധാന്യം. ഇന്ത്യയിലെ ഇതര പട്ടണങ്ങളിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആർഭാടജീവിതത്തിനാണ് ഊന്നൽ.

മേൽ വിവരിച്ച കാരണങ്ങളാൽ മലങ്കര ഓർത്തഡോക്സ് സഭയുടേതായ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിനകത്തോ പുറത്തോ അനുയോജ്യമായ സ്ഥലങ്ങളിൽ ധാരാളമുണ്ടായാൽ മാത്രമെ സഭയ്ക്കു് അതിൻെറ ദൗത്യം നിർവ്വഹിക്കാൻ സാധിക്കുകയുള്ളു. ക്രിസ്തീയത ഇന്ത്യയിലുടനീളവും ഏഷ്യയിലെ മററു രാജ്യങ്ങളിലും പ്രചരിപ്പിക്കുകയാണ് നമ്മുടെ ചുമതല. ഇക്കാര്യത്തിൽ സഭയിൽ പുതുതായി ആരംഭിച്ചിട്ടുള്ള എഡ്യുക്കേഷൻ & സോഷ്യൽ സർവ്വീസ് സൊസൈററി വേണ്ടത്ര പ്രാധാന്യം കൊടുത്ത് പ്രവർത്തനം ആരംഭിച്ചിരിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. നാം ആരേയും ബലമായോ പരോക്ഷമായോ നമ്മുടെ സഭാംഗങ്ങൾ ആക്കി തീർക്കാനല്ല ശ്രമിക്കുന്നതു്. നമ്മുടെ സമുദായാംഗങ്ങൾ ഈ രാജ്യങ്ങളിൽ അവരവർ ഏറെറടുത്തിട്ടുള്ള ജീവിതവൃത്തിയിൽ വർത്തിക്കുമ്പോൾ, അവരുടെ നല്ല ജീവിതം, ക്രിസ്തീയത എന്താണെന്ന് മററുള്ളവരെ മനസ്സിലാക്കാനും തദ്വാര ക്രിസ്തീയാദർശങ്ങളിലേക്കു് അവരെ ആകർഷിക്കുവാനും ഉതകുന്ന തരത്തിലായിരിക്കണം. അതിനുള്ള വിദ്യാഭ്യാസമാണവർക്കുണ്ടാകേണ്ടതു്. സഭയും നേതാക്കന്മാരും ഇതേപ്പററി കാഴ്ചപ്പാടുള്ളവരായിതീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. പ. കാതോലിക്കാബാവായുടെ നേതൃത്വത്തിൽ കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലം സഭയ്ക്കുണ്ടായ അനിതരസാധാരണമായ വളർച്ചയുടെയും നേട്ടങ്ങളുടെയും തുടർച്ച എന്നവണ്ണം ഈ തരത്തിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും സഭയ്ക്കു് പ്രദാനം ചെയ്യാനുള്ള ആരോഗ്യവും ആയുസ്സും സർവ്വശക്തൻ അദ്ദേഹത്തിനു നല്കട്ടെ എന്നും പ്രാർത്ഥിക്കുകയും ഒക്ടോബർ 27–ാം തീയതി 13–ാം സ്ഥാനാരോഹണം ആഘോഷിക്കുന്ന അദ്ദേഹത്തിനു് സർവ്വവിധ മംഗളങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

—o—

CENTURY AGENCY
AMBASSADOR CORPORATION

753 FRANKLIN AVENUE,
FRANKLIN SQUIRE, NEW YORK-11010.
Phone: 516-872-2100

We are original builders of Parish Real Estate
Contact us for fast and profitable
Real Estate Transaction in the U.S.A.
Mortgage Money Available in any amount to all qualified buyers.

E. I. Abraham Omallur, M.B.A; G.R.I.



# എന്തിനീ പ്രളയവിവാദം?

ഫാ. തോമസ്, ചക്കിട്ടടം

ഭൂമിയിൽ ഒരുകാലത്തു് മനുഷ്യൻെറ ദുഷ്ടത വലിയതെന്നും അവൻെറ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പോഴും ദോഷമുള്ളതത്രെയെന്നും യഹോവ കണ്ടു. താൻ ഭൂമിയിൽ മനുഷ്യനെ സൃഷ്ടിക്കകൊണ്ടു് ഏറെ ദുഃഖിച്ചു. തന്നിമിത്തം മനുഷ്യനെയും മറെറല്ലായിനം ജീവികളെയും ഒരു പ്രളയംമൂലം നശിപ്പിപ്പാൻ തീരുമാനം കൈക്കൊണ്ടു. എന്നാൽ നീതിമാനായ നോഹയേയും കുടുംബത്തേയും രക്ഷിക്കുന്നതിനുവേണ്ടി ഒരു പേടകം പണിയുവാൻ ദൈവം നോഹയോടു് കല്പിച്ചു. ഈ പെട്ടകത്തിൽ നോഹയുടെ കുടുംബത്തിനു പുറമെ ജീവനുള്ള വിവിധ വർഗ്ഗം ജീവികളിൽ ആണും പെണ്ണുമായി ഓരോന്നിനെ കയററുവാനും ആജ്ഞാപിച്ചു. ദൈവം കല്പിച്ചതുപോലെയൊക്കെ ചെയ്തു് ജലപ്രളയത്തിൽ നിന്നും നോഹയുടെ കുടുംബവും വിവിധയിനം ജീവികളുടെ വർഗ്ഗവും നശിച്ചുപോകാതെ രക്ഷിക്കപ്പെടുകയും ചെയ്തതായാണ് വി. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നതു്.

ശാസ്ത്രം വളരെ പുരോഗമിച്ചുവെന്നു് വിശ്വസിക്കപ്പെടുന്ന ഈ കാലയളവിൽ പരമസത്യങ്ങളും സംശയത്തിൻെറ നിഴലിൽ ചോദ്യം ചെയ്യപ്പെടുകയാണ്. വി. ബൈബിളിലെ പ്രളയസത്യവും യുക്തിയുടെ തണലിലെന്നു ഭാവിച്ചു് ചിലപ്പോൾ ചോദ്യം ചെയ്യപ്പെടാറുണ്ടു്. ഇങ്ങനെയുള്ള സംശയങ്ങൾ ദൂരീകരിക്കാനുതകുന്ന ആശയങ്ങളാണ് താഴെ അവതരിപ്പിക്കാനുദ്ദേശിക്കുന്നതു്.

ബൈബിളിൽ (ഉല്പത്തി 6) രേഖപ്പെടുത്തിയിരിക്കുന്ന പ്രളയം ഒരാഗോളപ്രതിഭാസം തന്നെയായിരുന്നുവെന്നാണ് ലോകത്തിൻെറ നാനാഭാഗത്തുമുള്ള വിവിധവർഗ്ഗം മനുഷ്യരുടെയിടയിലെ പാരമ്പര്യം ചൂണ്ടിക്കാട്ടുന്നതു്. ആര്യന്മാരുടെ നാനാവർഗ്ഗങ്ങൾക്കിടയിലും ഈജിപ്ററ്, ഗ്രീസ്, കൽദയ, അസീറിയാ, ബാബിലോൺ ആദിയായ പഴയ കുടിപാർപ്പുസ്ഥലങ്ങളിലും ബൈബിളിലെ പ്രളയചരിത്രത്തിനനുരൂപമായ പാരമ്പര്യങ്ങൾ നിലവിലുണ്ടു്. എന്തിനേറെപ്പറയുന്നു. പാലസ്റ്റൈനിൽനിന്നും 5000–ത്തിലേറെ മൈലുകൾപ്പുറം മെക്സിക്കോയിലെ 'മായന്മാരുടെയും' തെക്കേ അമേരിക്കയിലെ 'ഇൻകാ'മാരുടേയും പാരമ്പര്യങ്ങളിലും ഒരാഗോളപ്രളയത്തെപ്പററി സൂചന നൽകുന്നുണ്ടു്—അല്പം വ്യത്യാസങ്ങളോടുകൂടിയാണെങ്കിലും.

ബാബിലോൺകാരുടെ പ്രളയചരിത്രവും ഗ്രീക്കുകാരുടെ പാരമ്പര്യവും അത്ഭുതകരമാംവണ്ണം ഒരുപോലെയിരിക്കുന്നതു്, മുൻപറഞ്ഞ പ്രളയസത്യത്തിനു് ഉപോൽബലകമത്രെ. അതുപോലെതന്നെ സാധർമ്മ്യം വഹിക്കുന്നതാണ് എബ്രായരുടെയിടയിലെ (ബൈബിളിലെ) പ്രളയവിവരണവും. കൽദയരുടെയിടയിലുള്ളതും അങ്ങനെതന്നെ. ബാബിലോൺകാരുടെ പ്രളയചരിത്രത്തിൽ യഹോവയ്ക്കു പകരം 'ഇയാ' (EA) എന്ന പദമാണ് അവിടെ ഉപയോഗിച്ചിരിക്കുന്നതു്. പ്രളയചരിത്രത്തിലെ കഥാനായകനായ നോഹയ്ക്കു പകരം 'ഉബാററുററു' (UBARATUTU) വിൻെറ മകൻ എന്നും സംബോധന ചെയ്തിരിക്കുകയാണ്. ജലം പൂർവ്വസ്ഥിതിയിലേക്കു് നീങ്ങിയിട്ടുണ്ടോ എന്നറിയുവാൻ പക്ഷികളെ അയയ്ക്കുന്നതുമെല്ലാം മുൻപിൻപു് വ്യത്യാസമുണ്ടെന്നല്ലാതെ മിക്ക സംഭവങ്ങളും ഒരുപോലെതന്നെ. (Bible and Spade by Stephen A. Caiger).

മൈലുകൾ വേർപെട്ടു് വസിക്കുന്ന വിവിധ ജാതിമതസ്ഥരുടെയിടയിലിങ്ങനെയൊരുപോലെ പാരമ്പര്യങ്ങളുള്ള വസ്തുത ചോദ്യം ചെയ്യപ്പെടാവുന്നതല്ല.

മുകളിൽ പറഞ്ഞതെല്ലാം പാരമ്പര്യങ്ങളാണെങ്കിൽ ഇനി പറയുവാനുള്ളതു്. ശാസ്ത്രനിഗമനങ്ങൾ തന്നെയാണ്. മനുഷ്യൻെറ ഓർമ്മയിൽനിന്നു് മറഞ്ഞുപോയ പൂർവ്വകാലസംഭവങ്ങളുടെ ചുരുളഴിക്കാനുതകുന്ന ഒന്നാണ് ഭൂഗർഭശാസ്ത്രം. ഇതു് മുൻപറഞ്ഞ

സത്യം എത്രമാത്രം വെളിച്ചത്തു കൊണ്ടുവരുന്നതിന് സഹായകമാണെന്ന് പരിശോധിച്ചുനോക്കാം.

(നെപ്പോളിയൻെറ ജൈത്രയാത്രയ്ക്കിടയിൽ പലയിടത്തും ഭൂമി കുഴിച്ച് പരിശോധിക്കാനായി തൻെറകൂടെയുള്ളവരെ നിയോഗിക്കുകയുണ്ടായി. തൽഫലമായി ആദാം ഹവ്വാ, ഹവ്വയെ വഞ്ചിച്ച പാമ്പ്, ജലപ്രളയം, അന്നത്തെ പേടകം, അതിൻെറ നീളം വീതി ഉയരം ഇവ രേഖപ്പെടുത്തിയിട്ടുള്ള ഇഷ്ടികകൾ ഭൂഗർഭത്തിൽനിന്ന് കണ്ടെടുക്കുകയുണ്ടായി. അസിറിയാക്കാരുടെ പാരമ്പര്യം രേഖപ്പെടുത്തിയിട്ടുള്ള ഇവ ആർക്കും പരിശോധനയ്ക്ക് വിധേയമാക്കത്തക്കവണ്ണം ബ്രിട്ടനിലെ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. അതിനുശേഷവും 1871-ൽ ജലപ്രളയത്തെ സംബന്ധിച്ചുള്ള രേഖകൾ സിപ്പാർ (Sippar) നിപ്പർ (Nippur) എന്നിവിടങ്ങളിൽ നിന്ന് വെളിച്ചത്തു കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. 1873—ൽ അയ്യായിരം വർഷങ്ങൾക്കു മുൻപ് കൽദയരുടെയിടയിൽ നിലവിലിരുന്ന പ്രളയചരിത്രവും, ആ നാട്ടിലെ ഭൂഗർഭത്തിൽനിന്ന് ലഭിച്ചിട്ടുണ്ട്. ഈ വസ്തുതകളൊക്കെ സംശയങ്ങൾ ദൂരീകരിക്കുന്നുണ്ട്.)

ഇവയെക്കാളൊക്കെ രോമാഞ്ചം കൊള്ളിക്കുന്ന വേറൊന്നാണ് ബാബിലോണിലുള്ള 'കിഷ്' എന്ന സ്ഥലത്ത് 'ലാംഗടൺ' (Langton) 'ഊരിൽ' (UR) വൂളിക്ക് (Wooly) ഭൂഗർഭ പരിശോധനയിൽനിന്ന് ലഭിച്ച വസ്തുതകൾ. അവിടെ 3000 B. C. യ്ക്ക് മുൻപ് (ഇന്നേക്ക് 5000 വർഷം) ഭൂമിക്കടിയിൽ രൂപംകൊണ്ട മൺമേഖല (Stratum) മണലും കളിമണ്ണുംകൊണ്ട് എട്ടടി ആഴത്തിലുള്ളതായിരുന്നു. അതായത് അനിതരസാധാരണമായ ഒരു പ്രളയംകൊണ്ട് ഈ മൺമേഖല രൂപംകൊണ്ടതായിരുന്നുവെന്ന് ചുരുക്കം. ഈ മണ്ണിൽനിന്ന് ജലജീവികളുടെ ധാരാളം അവശിഷ്ടങ്ങളും (Fossils) കരിങ്കല്ലുകൊണ്ടുള്ള പണിയായുധങ്ങളും കണ്ടുകിട്ടിയിട്ടുണ്ട്.

യൂറോപ്പിലെ ആല്പസ് പർവ്വത (Alps) മുകളിൽ പോലും പൊടുന്നനെ മണ്ണടിഞ്ഞ ജലജീവികളുടെ ഫോസിലുകൾ ഒന്നിനുമീതെ ഒന്നായി കാണാനു

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



രാജു, മോളിയും കുടുംബവും, കുവൈററ്.

ജസ്സി വർഗീസ്, ഗ്രാഹായ്.

ബിജു, കിരണ്ടൽ.

ഒരു വിശ്വാസി, തിരുവല്ല.



സൂസി വർഗീസ്, ഡോബ്ബ്ളി.

ഏ. സി. ഏബ്രഹാം, 2nd BNNAP

ഏലിശബേത്ത് ഏബ്രഹാം, കല്ല്യാൺ.



ണ്ടെന്ന് 'ബക്ക്ലാൻഡ്' (Bucland) എന്ന ഗവേഷകൻ തൻെറ 'ഭൂഗർഭശാസ്ത്രവും ധാതുശാസ്ത്രവും' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. കൂവിയർ (Couvier) എന്ന ശാസ്ത്രജ്ഞൻ കരജീവികളുടെ മീതെ ജലജീവികളുടെ ഫോസിലുകൾ പലയിടങ്ങളിലും കണ്ടിട്ട് ജലപ്രളയസത്യത്തെ പൂർണ്ണമായി പിൻതാങ്ങി സംസാരിക്കുന്നുണ്ട്. ജലപ്രളയത്തിൽ കരജീവികൾ ശ്വാസം മുട്ടി ഉടനടി ജീവൻ വെടിയുമ്പോൾ ജലജീവികൾ അതിശൈത്യം മൂലം വേദനയനുഭവിച്ച് സാവധാനം കാലഗതി പ്രാപിക്കുന്നു. അതുകൊണ്ടത്രെ ഈ രൂപത്തിൽ ഫോസിലുകൾ കാണപ്പെടുന്നത്.

ഇനിയും അമേരിക്കയിലെ നാച്ചുറൽ ഹിസ്റ്ററി മ്യൂസിയത്തിലേക്ക് (Natural History Museum) ഒന്നു കടന്നുചെന്നാൽ ലോകമെമ്പാടും മണ്ണിനടിയിൽ കാണപ്പെടുന്ന ഒരു പ്രതിഭാസത്തിൻെറ മാതൃകയവിടെക്കാണാനാവും. എട്ടടി നീളവും 5.5 അടി ഘനവുമുള്ള ഒരു മൺകട്ടയ്ക്കുള്ളിൽ 21 കാണ്ടാമൃഗങ്ങളുടെ തലയോട്ടികൾ ഒന്നിനുമീതെയൊന്നായി മണ്ണു ചുരണ്ടിമാററിയിട്ടുള്ള ഭാഗങ്ങളിൽക്കൂടി ആർക്കും ദർശിക്കാനാവും. ഏതാനും അസ്ഥികൂടങ്ങളുടെ അവശിഷ്ടങ്ങളും അതിലുണ്ട്. ഞെരുക്കത്തിൽ സ്ഥിതിചെയ്യുന്ന ഈ തലയോട്ടികൾ കണ്ടാൽ ഏതോ അത്യാഹിതത്തിൽപെട്ട് കാലഗതി പ്രാപിച്ച് ഒന്നിച്ച് ഒഴുകിനടന്ന് മണ്ണടിഞ്ഞതതായേ തോന്നു.

ആയിരക്കണക്കിന് ചതുരശ്രമൈൽ വിസ്തൃതിയിൽ ശരീരം വളച്ച് വാലുകൾ തലയിൽ തൊടുവിച്ച് മൺമറഞ്ഞ ജലജീവികളുടെ അവശിഷ്ടങ്ങൾ മണ്ണിനടിയിൽ പലയിടങ്ങളിലും കാണാനുണ്ടെന്നാണ് ''ഹഗ് മില്ലർ'' (HUGH MILLER) എന്ന ശാസ്ത്രജ്ഞൻ ചൂണ്ടിക്കാട്ടുന്നത്. ജലപ്രളയ സമയത്ത് മഞ്ഞു പൊഴിച്ചിലുകൊണ്ടുണ്ടായ അതിശൈത്യമല്ലെ ഇങ്ങനെ വേദനകൊണ്ട് പുളഞ്ഞ് വാല് തലയിൽ തൊടുവിച്ച് മരണമടയാൻ കാരണം?

അവസാനം ശാസ്ത്രം നൽകുന്ന ഒരു തെളിവു കൂടി രേഖപ്പെടുത്തട്ടെ. സൈബീരിയായിലെ (ധ്രുവം) മഞ്ഞു കട്ടിക്കടിയിൽ നിന്നും സസ്യഭുക്കുകളായ മാമത്തുകൾ (MAMMOTH) മാസ്റ്റഡോണുകൾ (MASTADON) ആദിയായ ഒട്ടനവധി ജീവികളുടെ ഫോസിലുകളും ഈ അടുത്തകാലത്ത് കണ്ടെടുത്തതായി ലോകമെങ്ങും വാർത്തകൾ പരന്നിരുന്നു. ഇവയൊന്നുംതന്നെ ധ്രുവപ്രദേശത്തെ മഞ്ഞു കട്ടിയാൽ വളർന്നതാവാനിടയില്ലല്ലൊ. പിന്നെ ഇവയെല്ലാം ഇവിടെ വരാൻ കാരണം ജലപ്രളയ കാലത്തെ വെള്ളപ്പാച്ചിലിൽ ഒഴുകിവന്നതുകൊണ്ടായിരിക്കണം.

ലോകത്ത് ഇന്ന് ജീവിച്ചിരിക്കുന്ന ജീവികൾ എത്രയിനമുണ്ടെന്നു ചോദിച്ചാൽ ശാസ്ത്രം തരുന്ന ഉത്തരം 20 ലക്ഷമെന്നാണ്. ഇതിൽ 3/4 ഭാഗവും നട്ടെല്ലില്ലാത്ത കീടങ്ങളാണ് (INSECTS) ഈ ഇരുപതുലക്ഷം വിവിധയിനം ജീവികളെ—ആന മുതൽ താഴോട്ട്—ഈരണ്ടിനെവീതം എങ്ങനെ നോഹ പേടകത്തിൽ കയററി ആഹാരം കൊടുത്ത് പുലർത്തിയെന്നുള്ള ചോദ്യം പ്രസക്തമാണ്. പേടകത്തിൻെറ നീളം, വീതി, ഉയരം ഇവ യഥാക്രമം 300 മുഴം, 30 മുഴം എന്നിങ്ങനെയാണുതാനും. ഒന്നു ചിന്തിച്ചു നോക്കിയാൽ വലിയ ബുദ്ധിമുട്ടിന് വകയില്ലെന്നു കാണാം. ജലപ്രളയത്തിനു മുൻപുള്ള മിക്കമനുഷ്യരുടെയും ആയുർദൈർഘ്യവും വലുപ്പവും ബൈബിളനുസ്സരിച്ച് ഇന്നുള്ളവരേക്കാൾ വളരെ കൂടുതലായിരുന്നുവെന്നുള്ളതിന് ഒരു തെളിവു മാത്രം നൽകട്ടെ. സിറിയായിൽ ''ബൽബക്ക്'' എന്ന സ്ഥലത്ത് നശിച്ചു പോയ സ്മാരകങ്ങളുടെ നിർമ്മാണത്തിനുപയോഗിച്ച കരിങ്കല്ലുകൾ ഒരോന്നിനും നീളം 55.5 മീററും (ഒരു പതിനഞ്ചു നില മാളികയുടെ ഉയരം) വീതി 3.65 മീററുമായിരുന്നു. ഈ ഭീമാകാരമായ കരിങ്കല്ലുകൾ എങ്ങനെ തറയിൽ നിന്നുയർത്തി സ്മാരകങ്ങൾ നിർമ്മിച്ചു? അതികായന്മാരെല്ലാതെ മററാരാണിതിനുത്തരവാദികൾ. ഏതായാലും പേടകത്തിൻെറ നീളം, വീതി, ഉയരം രേഖപ്പെടുത്തിയിരിക്കുന്നത് സാധാരണ മനുഷ്യരുടെ മുഴം കൊണ്ടാണെങ്കിൽ പോലും മൂന്നു തട്ടുകളിലായി 36 ലക്ഷം ക്യൂബിക്കടി വ്യാപ്തമുള്ളതായിരിക്കണം അത്. ജീവികളിൽ മുക്കാൽഭാഗവും കീടങ്ങളായതുകൊണ്ട് അവയ്ക്ക് പാർക്കാൻ താരതമ്യേന സ്ഥലം കുറച്ചു മാത്രം മതിയാകും. ബാക്കി 9/10 ഭാഗത്ത് ആഹാരസാധനങ്ങൾ കയററിവയ്ക്കാൻ കഴിയുമെന്നുമാണ് ജർമ്മൻകാരനായ ശില്പകലാവിദഗ്ധൻ സിൽബർസ്ക്ലാഗിൻെറ (Silberschlag) നിഗമനം.

സമൂഹത്തിൽ സാധാരണ കൂടുതൽ ശ്രദ്ധിക്കപ്പെടാറുള്ളത് മുൻ പറഞ്ഞ ആകാര വലുപ്പമുള്ള മനുഷ്യരെയാണല്ലൊ. അതുകൊണ്ട് ഈ പേടക നിർമ്മാണത്തിന് ചുക്കാൻ പിടിച്ചത് അങ്ങനെയുള്ളവരായിരിക്കാനാണ് ന്യായം. അവരുടെ മുഴം കൊണ്ടുള്ള അളവുകളായിരിക്കണം മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അങ്ങനെയാണെങ്കിൽ പേടകത്തിൻെറ വ്യാപ്തം 36 ലക്ഷത്തിൽ എത്രയോ കൂടുതലായിരിക്കണം? ഇന്ന് ജീവിച്ചിരിക്കുന്നവരുടെ കിടക്കകളുടെ നീളം നാലു മുഴമാണെങ്കിൽ അന്നുള്ള അതികായന്മാരുടെ കിടക്കകൾ ഒൻപതു മുഴമായിരുന്നുവെ

# അനുതാപ ഗീതങ്ങൾ (ii)

## മാർ സേവേറിയോസ് മെത്രാപ്പോലീത്താ & സി. പി. ചാണ്ടി

(കരളലിവേറീടും താതാ........)

ലോകത്തിൻ വിധിദിവസത്തിൽ
ചെയ്യും ഞാനെന്തയ്യയ്യോ
ഉത്തമരാർജ്ജിക്കും മോക്ഷം
ഞാനയ്യോ നരകം നേടും

ചെയ്യൊരു തിന്മകളോർത്തപ്പോൾ
ഉൾക്കിടിലത്താൽ വിറകൊണ്ടേൻ
അയ്യോ നടപടിദോഷത്താൽ
തള്ളപ്പെട്ടേൻ നരകത്തിൽ

പരിചിതരെന്നെ നിന്ദിച്ചു
മാനവരെന്നെയുപപേക്ഷിച്ചു
എന്നുടെ ദുഷ്ടതയാലെന്നെ
കഷ്ടമയൽക്കാർ കൈവിട്ടു

മിഴികളിലശ്രു നിറഞ്ഞുകവി–
ഞ്ഞൊഴുകുന്നുണ്ടെൻ കവിളിന്മേൽ
നൽകുക പുണ്യം സ്വർഗ്ഗത്തേ–
ക്കയ്യോ കൈകളുയർത്തുന്നേൻ

ഉടയോനേ! എൻ ദുഷ്ടതയാൽ
എന്നെ വലത്തായ് നിർത്താതെ
പാതകിയായെണ്ണീടുമ്പോൾ
അയ്യോ രക്ഷിച്ചീടണമേ.

സ്വേഷ്ടത്താലെന്നവകാശം
നഷ്ടമതാക്കീ കഷ്ടം! ഞാൻ
എന്നെ വീഴ്ത്തിയഹങ്കാരം
ഞാനയ്യയ്യോ മൃഗതുല്യൻ

വലിയ വിലാപത്തോടയ്യോ
വിളിക്കുട്ടുന്നേൻ ദൈവത്തേ
കണ്ണീർ തൂകി കെഞ്ചുന്നേൻ
നൽകണമെ കനിവാൻ പുണ്യം.

അയ്യോ നാഥാ നിൻ കനിവെൻ
സങ്കേതസ്ഥലമാകണമേ
നിൻ പരിശുദ്ധർ ഗണമതിൽ ഞാൻ
സത്യവെളിച്ചം കാണണമേ

മുട്ടുന്നോർക്കു തുറന്നുതരാ–
മെന്നരുളിയ നിൻ ജീവമൊഴി
എന്നിൽ നിറവേറീടണമേ
ഭേരായ്കിൽ ഞാൻ നിർഭാഗ്യൻ

സത്തമനേ നെടുനാൾ നിന്നേ
ദുഷ്ടതയാൽ കോപിപ്പിച്ചേൻ
എന്നാലും താതൻ തുല്യം
ക്ഷമ കാണിച്ചോനേ സ്തോത്രം

അപരിമിതസ്തുതിയർപ്പിപ്പു
ദീനതയാർന്നീടുമെന്നാനാമം
നിന്നൊടുമന്നിൽ നിരപ്പായി–
ല്ലെങ്കിലെനിക്കയ്യോ കഷ്ടം.

—o—

---

ന്നാണ് ബൈബിളിലെ സൂചന-ഏകദേശം ഇരട്ടിയിൽ കൂടുതൽ. കണക്കു ശാസ്ത്രമനുസ്സരിച്ച് നീളം വീതി ഉയരം ഇവ ഇരട്ടിച്ചാൽ വ്യാപ്തം എട്ടിരട്ടിയാകുമെന്നാണ് മനസ്സിലാക്കാനുള്ളത്. അപ്പോൾ പേടകത്തിന്റെ വ്യാപ്തം 36 ലക്ഷത്തിന്റെ ഇരട്ടിയാകുമെന്ന് ആർക്കും ഊഹിക്കാവുന്നതേയുള്ളു. അങ്ങനെയാകുന്ന പക്ഷം ഈ ഇരുപതു ലക്ഷം ജീവികളും ആഹാരസഹിതം അതിനുള്ളിൽ കഴിഞ്ഞുകൂടാൻ സുസാദ്ധ്യമല്ലെ?

ഇനിയും നോഹയുടെ അസ്തിത്വത്തിൽ വിശ്വാസമില്ലാത്തവരോട് ഒരു കാര്യം ചോദിക്കുകയാണ് ഇന്ന് ലോകത്തുള്ള വിവിധ മനുഷ്യവർഗ്ഗങ്ങളായ ''സെമിററിക്ക്'' (Semitic) ''ഹിമിററിക്ക്'' (Hamitic) ''യാഫേത്തിക്ക്'' (Japhetic) ഇവ എങ്ങനെ യുടലെടുത്തു? ചുമപ്പും വെളുപ്പും കലർന്ന സെമിററിക്ക് വർഗ്ഗം (യഹൂദരും അവരുടെ ചുററുപാടുമുള്ള രാജ്യക്കാരും) നോഹയുടെ മകനായ ശേമിൽ നിന്നല്ലെ ഉടലെടുത്തതു? കറുത്ത വർഗ്ഗക്കാരായ ആഫ്രിക്കകാർ (ഹമിററിക്ക്) ഹാമിൽ നിന്നല്ലേ? (സ്വന്തം പിതാവിന്റെ അപ്രീതിയ്ക്ക് വിധേയനായവനാണ് ''ഹാം'' എന്നോർത്തിരിക്കണം) യൂറോപ്പ് മുഴുവൻ വ്യാപിച്ചു കിടക്കുന്ന യാഫേത്തിക്ക് വർഗ്ഗക്കാർ—വെള്ളക്കാർ—നോഹയുടെ മകനായ യാഫേത്തിൽ നിന്നു മത്രെ ഉത്ഭവിച്ചിട്ടുള്ളത്. ലോകത്തിന്ന് കാണപ്പെടുന്ന മററു മനുഷ്യവർഗ്ഗങ്ങളെല്ലാം ഈ മൂന്നു വർഗ്ഗക്കാരുടെ സങ്കര ജാതികളാണെന്നാണ് നരവംശ ശാസ്ത്രജ്ഞനായ ''ഈച്ച് ഹോണി'' (Eich Horn) ന്റെ നിഗമനം (Chambers Dictionary Under Semitic)

—o—



ഐതീഹ്യങ്ങളും ചരിത്രവും

# മലങ്കര നസ്രാണികളും ജാതിത്തലവന്മാരും

## മഹാനായ ഒന്നാം മാർത്തോമ്മാ – (തുടർച്ച)

കൂനൻകുരിശ്സത്യത്തിലവസാനിച്ച, തോമ്മാ അർക്കദിയാക്കോന്റെ തുറന്നയുദ്ധത്തിലേക്ക് കടക്കും മുമ്പ് റോമാ നസ്രാണി ചരിത്രകാരന്മാരുടെ ഭൂരിപക്ഷരേഖകളും ഇതര രേഖകളും അടിസ്ഥാനമാക്കി അന്നത്തെ (1650) നസ്രാണി ജനതയുടെയും ജസ്യൂട്ടുകളുടെയും പ്രവർത്തനം ഒന്നു നിരീക്ഷിക്കാം.

''Menezes (Arch Bishop of Gova 1599) did not want Archdeacon George of his time or any other member of the syrian priesthood to be made bishop. Francis Roz (First R. C. bishop of Malankara) also held a similar openion. Both of them wanted to perpetuate portugese authority and Jesuit rule'' P. 145. The syro chaldean church in Malabar''
by V. C. George Kuravilangad.

പറങ്കികളുടെ റോമാ വിശ്വാസ വിതരണവും ലത്തീൻ രീതികളും പ്രതിബന്ധമില്ലാതുറപ്പിക്കുവാൻ നാട്ടുകാരെ ഭരണത്തിൽ നിന്ന് മാററുകയെന്നതായിരുന്നു അവർ പ്രയോഗിച്ച തന്ത്രം.

''താൽക്കാലികമായി തുടങ്ങിയ ലത്തീൻ ഭരണം....താൽക്കാലികമെന്ന് ''മാർപാപ്പാ നിശ്ചയിച്ചിരുന്ന'' ഈ ഭരണം ഇങ്ങനെ നീണ്ടുപോകുന്നതു്, ''മാർ പാപ്പായുടെ ഹിതത്തിനും'' തങ്ങളുടെ പാത്രിയക്കീസായ 'ബാബേൽ പാത്രിയക്കീസി' ന്റെ അവകാശത്തിനും എതിരായി പോർട്ടുഗീസുകാർ രാഷ്ട്രീയശക്തി പ്രയോഗിച്ചിരുന്നതു കൊണ്ടാണെന്നുള്ള ധാരണ സുറിയാനിക്കാരുടെ ഇടയിൽ കടന്നുകൂടി'' ''മാർളൂയിസ് പഴേപറമ്പിൽ'' ...........
P. 86,87 ഐ. സി. ചാക്കോ പുളിങ്കുന്ന്.

ഇതിൽ നിന്ന് പറങ്കികളുടെ (രാഷ്ട്രീയ സൈനിക) അധികാരമാണ് ലത്തീൻ, ജസ്യൂട്ട് അഥവാ റോമാസഭയുടെ ഭരണമുറകൾ ഇവിടെ അടിച്ചേൽപിച്ചതു് എന്ന വിശ്വാസം നസ്രാണികൾക്കുണ്ടായി എന്ന് മനസിലാക്കാം. മാർപാപ്പാ താല്കാലികമെന്ന്, ലത്തീൻ പദ്രവാദൊ ഭരണത്തെ നിശ്ചയിച്ച എന്നതും, മാർപാപ്പാ അന്ന് നസ്രാണികളുടെ നിയന്ത്രണാധികാരിയായിരുന്നോ എന്നും ഇതിൽ പറയുന്ന ബാബേൽ പാത്രിയർക്കീസ് ഏതാണെന്നും ഉള്ള കാര്യങ്ങൾ 1498 മുതൽ ഇന്നോളം ഒരു പ്രധാന തർക്കവിഷയമാണ്.

''ഇവിടത്തെ ക്രൈസ്തവർ നെസ്തോറിയരായിരുന്നാൽ തന്നെയും അവരുമായി സ്നേഹരൂപത്തിൽ പ്രവർത്തിക്കുകയും തദ്വാര അവരുടെ മാനസാന്തരത്തിനു വേണ്ടി പരിശ്രമിക്കുകയുമായിരുന്നു അവർ (പറങ്കികൾ, ജസ്യൂട്ടുകളും മററും) ചെയ്യേണ്ടിയിരുന്നതു്. അതിനുപകരം സാമ്പത്തിക സ്ഥിതിയും രാജകീയ സ്വാധീനവും തങ്ങൾക്കനുകൂലമാണെന്നുള്ള അഹങ്കാരവിചാരം മൂലം ഇവിടത്തെ ക്രൈസ്തവരുടെ അഭിമാനത്തെപ്പോലും ക്ഷതപ്പെടുത്തത്തക്കപ്രവർത്തനങ്ങൾ നടത്തി സുറിയാനിക്കാരിൽ വൈരാഗ്യം ഉത്തേജിപ്പിക്കുകയാണ് അവർ ചെയ്തത്.'' P. 203 ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്, ഫാ. തോമസ്, ഇഞ്ചയ്ക്കലോടി.

---

**ജെയിക്കബ് തോമസ്, നടുവിലേക്കര**

---

ക്രി. വ. 1599–ഉം, 1653–ഉം കേരളസഭാചരിത്രത്തിൽ ഏററവും ദാരുണമായ രണ്ടു സംഭവവിശേഷങ്ങളെ കുറിക്കുന്നു. അവ ഉദയമ്പേരൂർ സൂന്നഹദോസും, കൂനൻകുരിശു സത്യവുമാണ്. തള്ളയും പിള്ളയും പോലെ പരസ്പര ബന്ധിതങ്ങളത്രെ അവ രണ്ടും...... അമംഗളകരങ്ങളായ താദൃശ സംഭവങ്ങൾ അടിക്കടി ആവർത്തിക്കപ്പെടുകയും ഒന്നിനൊന്നു ഗുരുതരമാകുകയും ചെയ്തുകൊണ്ടിരുന്നു. ഇങ്ങനെ നിർഭാഗ്യവശാൽ മലങ്കരനസ്രാണികളുടെ-ആ രണശൂരന്മാരുടെ-ആത്മാഭിമാനത്തെ നിശ്ശേഷം നിഹനിക്കുന്ന ഉദയമ്പേരൂർ സൂന്നഹദോസിൽ നാം എത്തിച്ചേരുന്നു. P 32. കേരളസഭാചരിത്രം. ഫാ. ലാസർ, C.M.I;

ലേഖകന്റെ വന്ദ്യ ഗുരുനാഥനും, മാന്നാനം E. H. S. ഹെഡ്മാസ്റ്ററുമായിരുന്ന ഫാ. ലാസറിന്റെ ചരിത്രഗ്രന്ഥത്തിലും നസ്രാണികൾ, പറങ്കി സൈനികശക്തി മൂലം മാനഹാനിയും, പീഡയും അനുഭവിച്ച എന്നുകാണാം. ദീപിക പത്രത്തിൽ ഈയിടെ കച്ചിറമറ്റം എഴുതിയതുപോലെ നസ്രാണികൾ മാർപാപ്പായുടെ കീഴിൽ എ. ഡി. ആദ്യം മുതൽ നിന്നവ

രെങ്കിൽ പറങ്കികളുടെ പരിശ്രമങ്ങളിൽ നിസാരമായചിലതൊഴികെ പലതിനും നമുക്കു് മാനഹാനി, പീഡനം ഇവയൊന്നും ഏൽക്കേണ്ട ഗൗരവാഹമായ കാര്യങ്ങൾ ഒന്നുമേയില്ലായിരുന്നു. നമ്മെ ''മതം മാററുക''മൂലമാണ് ഗൗരവമായതു് ''അനന്തരം അദ്ദേഹം (മെനേസിസ് മെത്രാൻ) പള്ളികൾ സന്ദർശിക്കുകയും, ബലം പ്രയോഗിച്ചു പള്ളികൾ തുറന്നു കൂദാശകൾ പരികർമ്മം ചെയ്യുകയും ചെയ്തു.

### മെനസീസ് മെത്രാന് അർക്കദിയാക്കോൻെറ മഹറോൻ (മുടക്ക്)

ഒരു വിദേശമെത്രാൻ എന്ന നിലയിൽ പള്ളികൾ സന്ദർശിക്കുവാനേ അർക്കദിയാക്കോൻ മെനേസിസിനെ അനുവദിച്ചുള്ളു. അതു വകവസ്ക്കാതെയുള്ള മെനേസിസിൻെറ പ്രവൃത്തിയിൽ നിയമാനുസൃതനായ അധികാരിയെന്ന നിലയിൽ അർക്കദിയാക്കോൻ മെനേസിസിനെ മഹറോൻ ചൊല്ലി''. ''കേരളസഭാതാരങ്ങൾ'' P. 29 എം. ഓ. ജോസഫ് നെടുങ്കുന്നം.

ഒരു വിദേശമെത്രാൻ എന്ന നിലയിൽ പള്ളികൾ സന്ദർശിക്കുവാനേ മെനേസിസിനെ അനുവദിച്ചുള്ള എന്നതു് സുപ്രധാനമായ കാര്യമാണ്. വിദേശീയനായാലും സ്വദേശീയനായാലും മെനേസിസ് സന്ദർശിച്ച കാലത്ത് അർക്കദിയാക്കോൻെറ ജനങ്ങൾ റോമാ സഭാവിശ്വാസികളായിരുന്നെങ്കിൽ, സന്ദർശനം അനുവദിച്ച പള്ളികളിൽ കർബ്ബാനാദികർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനു് തടസം പറയുമായിരുന്നില്ല. മെനേസിസ് നസ്രാണികളുടെ ആത്മീയ പരമാധികാരാദ്ധ്യക്ഷൻ ബാബിലോൺ കാതോലിക്കാപാത്രിയർക്കീസിനെതിരായി പ്രസ്താവനകൾചെയ്കയും, അദ്ദേഹത്തിൻെറ പേർ വി. കർബ്ബാനയിൽ ഉച്ചരിച്ചുകൂടായെന്നു് ശാസിക്കുകയും ചെയ്തതാണ് മഹറോനുള്ള കാരണം. മഹറോൻ ശിക്ഷ മെനേസിസിനു് കല്പിച്ച അർക്കദിയാക്കോൻ ഗീവർഗീസിൻെറ സ്ഥാനാധികാര പ്രതാപം, കേരള സമൂഹത്തിലെ സമുന്നത പദവി, സ്വജനങ്ങളുടെ ഭക്തി സ്നേഹാദരവുകൾ ഇവയാണ്ഇക്കാര്യത്തിൽ വെളിപ്പെടുന്ന മറെറാരു സംഗതി.

''മേൽ വിവരിച്ച പ്രകാരമുള്ള മൃഗീയവും ക്രൂരവുമായ പ്രവൃത്തികളാണ്, മെത്രാന്മാരും, പാതിരിമാരുമായ പറങ്കികൾ മലയാളത്തിൽ ചെയ്തിട്ടുള്ളതു്. ഈ വിവരങ്ങൾ വായിക്കുന്ന ഇന്നത്തെ ജനങ്ങളുടെ രക്തം തിളയ്ക്കാതിരിക്കുകയില്ല.''

P. 242 തെക്കുംഭാഗസമുദായ ചരിത്രം. രണ്ടാം പതിപ്പ് 1961. ജോസഫ് ചാഴികാട്ട്.

മദ്ധ്യസ്ഥതയാലുള്ള
ഉപകാരസ്മരണയ്ക്ക്



സഖറിയാ തോമസ്, റാഞ്ചി.

നസ്രാണികൾ സമാധാനശീലരും, സത്യസന്ധന്മാരും, മതനിഷ്ഠയുള്ളവരും, ആയുധാഭ്യാസനിപുണരുമായ വീരയോദ്ധാക്കളായിരുന്നു എന്നു് പറങ്കികൾ ധാരാളം രേഖപ്പെടുത്തിയിട്ടുണ്ടു്. അവർ തങ്ങളുടെ രാജഭക്തിമൂലം, രാജാക്കളുടെ കല്പനകളെ. അനുസ



# നസ്രാണികളുടെ കുടുമ്മിയും കടുക്കനും

''നസ്രാണികളുടെ കുടുമ്മിയും കടുക്കനും'' എന്ന അഭിധാനത്തിൽ ചരിത്രപണ്ഡിതനും ആർക്കിയോളജി വിദഗ്ദ്ധനുമായ ശ്രീ. ടി. കെ. ജോസഫ്, ബി. ഏ. എൽ. ടി. 1096 ലെ മനോരമയിൽ എഴുതിയ ഒരു ചാരിത്രിക ലേഖനമാണ് താഴെഉദ്ധരിക്കുന്നതു്:—

''നസ്രാണിമാപ്പിളമാർക്കു മുമ്പു കുടുമ്മിയും കടുക്കനും ഉണ്ടായിരുന്നെന്നു കേട്ടാൽ ചിലർ അതിശയിക്കും.

''മൃഗതൃഷ്ണാം ഭസിസ്നാതാ,
ഖപുഷ്പകൃതം ശേഖരം,
ഏഷ വന്ധ്യാസുതോ, യാതി
ശശശൃംഗധനുർദ്ധരഃ''

എന്നു പറഞ്ഞപോലെ ഇതൊരു അസംഭവമാണെന്നു് അവർ വിചാരിക്കുന്നു. നേരങ്ങനെയല്ല രേഖാസാക്ഷിപറയുന്നതാവിതു:—

''വിശ്വാസം ഉള്ള ലോകരുടെയും അതു് ഇല്ലാത്തവരുടെയും പൊറമെയുള്ള ചമയം കൊണ്ടും വെണം എന്നത പണ്ടെ പള്ളിയ്ക്കു അതിന സൂക്ഷം ഉണ്ട. അത എന്തെ രണ്ടു കൂട്ടവും ചമയം കൊണ്ടറിവാൻ ഈ എടവകയിൽ ഒള്ള നസ്രാണികളും മലയാളരും തങ്ങളിൽ ചമയം കൊണ്ടും തലമുടികൊണ്ടും അറിവാൻ ഏതും ഭേദമില്ലാ എന്ന ശുദ്ധമാന സുന്നഹദോസ് കണ്ടിട്ട തങ്ങളിൽ ഭേദം കൊണ്ട കണ്ടറിവാൻ കല്പിക്കുന്നു. ആണങ്ങൾ ആരും ഇനിതുടങ്ങി കാതുകുത്തരുത എന്നും വളത്തരുതെന്നും........കാതിൽ പൊന്ന് ഇടുകയും അരുത.''

1599—ലെ ഒരു കാനോനാ. [Scssion
IX D. XVII]

പോർട്ടുഗീസുകാരുടെ കാലത്തേ നസ്രാണി മാപ്പിളമാരെ വർണ്ണിക്കുന്ന ഘട്ടത്തിൽ ഹൌസായിപ്പ് (Rev. James Hough- History of Christianity in India) ഇങ്ങനെ പറയുന്നു:—

''പുരുഷന്മാർ മുട്ടുവരെ ഇറങ്ങുന്ന ഒരു വെള്ളമുണ്ടുടുക്കും. പള്ളിയിലോ രാജാക്കന്മാരുടെ സന്നിധിയിലൊ പോകുമ്പോൾ മുമ്പിലും പിന്നിലും ചിത്രത്തയ്യലുള്ള നിലയങ്കിധരിക്കാറുണ്ട്. സ്ത്രീകളേപ്പോലെ പുരുഷന്മാരും തലമുടി നീട്ടിവളർത്തും. വയസ്സുന്മാരും, മൈലാപ്പൂരിൽ സെയിൻറു തോമസിൻെറ മൃതശരീരം വെച്ചിരിക്കുന്ന കല്ലറയിലേക്കു തീർത്ഥയാത്ര പോയിവന്നവരും, സന്യസികളും മാത്രമേ ക്ഷൌരം ചെയ്യിക്കുകയുള്ളു. തലമുടി കൂട്ടിപ്പിടിച്ചു ചുരുട്ടി നിറുകയിൽ കെട്ടിയിട്ട് അതിന്മേൽ ഒരു സ്വർണ്ണമോ വെള്ളിയോ കൊണ്ടുള്ള കുരിശുധരിക്കുന്നു. കല്യാണത്തിനു തലയിൽ വെള്ളിയും സ്വർണ്ണവും കൊണ്ടുണ്ടാക്കിയ പൂക്കൾ ധരിക്കും. തലയിൽ ഒരു പട്ടുറുമാൽ ധരിച്ച് അതിൻെറ തലകൾ ചുമലിൽ തൂക്കിയിടും. അരയിൽ ചുമന്ന നിറത്തിലുള്ള പട്ടുകെട്ടാറുണ്ട്. അതു ചില്ലറപ്പണം, വെററില മുതലായതു വെക്കുവാൻ ഉപയോഗിക്കാറുണ്ട്!!

പിൽക്കാലത്താണ് തല മെഴുക്കെച്ചിരയ്ക്കുന്ന സമ്പ്രദായം നടപ്പായതു്. ഇതു യൂദന്മാരോടോ ജോനകമാപ്പിളമാരോടോ പഠിച്ചതായിരിക്കാം. ഇപ്പോൾ പഠിത്തക്കാരും പരിഷ്ക്കാരികളും ഇംഗ്ലീഷുകാരെ അനുകരിച്ചു തലമുടി കുറക്കി വളർത്തുന്നു. മുമ്പു നസ്രാണി സന്യാസികളും തീർത്ഥയാത്രക്കാരും തലമുട്ടയടിച്ചിരുന്നതു് ബുദ്ധ സന്യാസികളുടെ സമ്പ്രദായത്തേ അനുകരിച്ചായിരുന്നോ എന്തോ?''

Note:— ഉദയംപേരൂർ സുന്നഹദോസ് സെഷ്യൻ IX— ഡിക്രിയ XVII മുഖാന്തിരം മെനേസിസ ബിഷോപ്പ് നസ്രാണികളുടെ ഉച്ചിയിൽ കുടുമ്മിയും കടുക്കനും നിറുത്തൽ ചെയ്കയായിരുന്നു. [James Hough—The History of Christianity in India Vol. II. പുറം 678—679]

സമ്പാദകൻ:
**ജോർജു വർഗീസ്, മദ്രാസ്**

രിച്ചോ, മററു പലവിധ കാരണങ്ങളാലോ, സർവ്വോപരി ജാതിത്തലവൻ അർക്കദിയാക്കോൻ തല്ലാലം യുദ്ധം ചെയ്യുന്നതു് അപജയമാകുമെന്നു് കൽപിച്ചതു് ഒന്നടങ്കം അനുസരിക്കയാലും ഉദയമ്പേരൂരിൽ ഗത്യന്തരമില്ലാതെ പറങ്കിവേദനത്തിനു് വഴങ്ങി എന്നു് ഒപ്പുമൂലം സമ്മതിച്ചതായി നടിച്ചു.

പിന്നെയും പറങ്കികളുടെ ദ്രോഹം ഏറിയപ്പോൾ അവരിലെ വീരയോദ്ധാക്കളുടെ രക്തം എത്ര തിളച്ചിരിക്കും.

(തുടരും.)

## 'മലങ്കരസഭ'യുടെ ആയുഷ്ക്കാലവരിക്കാർ (തുടർച്ച)

| | | | |
|---|---|---|---|
| വെ. റവ. കുര്യൻ തോട്ടുപുറം കോറെപ്പിസ്കോപ്പാ | യു. എസ്. എ. | പി. കെ. ചാക്കോ | ആൻഡമാൻസ് |
| കെ. ഈപ്പൻ | യു. എസ്. എ. | ജേക്കബ് കരുവിള | കുന്നംകുളം |
| കെ. ജെ. ജോസഫ് | യു. എസ്. എ. | പി. റോയി മാത്യൂസ് | ബാംഗ്ളൂർ |
| എം. വി. മാത്യു | ബോംബെ | പി. വി. ജോസഫ് | തൃശൂർ |
| റവ. ഫാ. മത്തായി നൂറനാൽ | സുൽത്താൻബത്തേരി | ഷെറി ജോൺ | ബോംബെ |
| റവ. ഫാ. ജോർജ്ജ് എം. സി. | ചിങ്ങവനം | ജോൺ. പി. ഏബ്രഹാം | കാട്ടകാമ്പാൽ |
| റവ. ഫാ. കെ. സി. ജേക്കബ് | ഗോഹട്ടി | തോമസ് കരുവിള | കോട്ടയം |
| ററി. യു. മോഹൻ | പാലക്കാട് | കെ. ജി. ജോർജ് | പറന്തൽ |
| പി. ജോർജ്ജു വറുഗീസ് | കൂത്താട്ടുകുളം | പി. വി. മാത്യു | വെല്ലൂർ |
| വി. ഐ. ഏബ്രഹാം | ചാത്താനിക്കാട്ട് | ഏ. എസ്. മാത്യു | കായംകുളം |
| ഏബ്രഹാം തോമസ് | കോഴഞ്ചേരി | ജോൺ. സി. ഡാനിയേൽ | കളക്കാട |
| അനുപ ജേക്കബ് | ആലുവാ | ഇട്ടിവറുഗീസ് | ന്യൂഡൽഹി |
| കെ. കെ. കുറിയാക്കോസ് | ഓണക്കൂർ | കെ. കെ. ജോൺസൺ | റേണുക്കൂട്ട് |
| ഏ. വി. മാത്യു | തിരുവല്ല | ഏ. കെ. ജോർജ് | കീഴ്പ്പള്ളി |
| പ്രസാദ്. കെ. വറുഗീസ് | തലവടി | സി. വി. അക്കാമ്മ | കുറുമ്പനാടം |
| ജോൺ ജേക്കബ് | പത്തുമല | തങ്കമ്മ അലക്സാണ്ടർ | തേവലക്കര |
| അജു. പി. ഫിലിപ്പ് | ഉള്ളന്നൂർ | പി. ഡി. പ്രസാദ് | ബാംഗ്ളൂർ |
| | | വൈ. ജോർജ്ജ് | ബുസ്വാറ |
| | | ററി. ററി. ഈശോ | കോട്ടയം |

(തുടരും)


### ഭർത്താക്കന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

1987 ഒക്ടോബർ മാസം 10-ാം തീയതി മുതൽ കുടുംബ ജീവിതത്തിൽ ഭർത്താക്കന്മാർ അറിഞ്ഞിരിക്കേണ്ട ചില സുപ്രധാന സത്യങ്ങളെപ്പററി ഡോ. കെ. പി. യോഹന്നാൻ ആത്മീയ യാത്ര റേഡിയോ പരിപാടിയിലൂടെ നിങ്ങളോട് സംസാരിക്കുന്നു. ധന്യവും മാതൃകാപരവുമായ ഒരു കുടുംബജീവിതം നയിപ്പാനാഗ്രഹിക്കുന്ന നിങ്ങൾ എല്ലാ ദിവസവും രാവിലെ 6.15 മുതൽ ആത്മീയ യാത്ര പ്രോഗ്രാം റേഡിയോ വിശ്വവാണി (882 knz 340 metre) യിലൂടെ ശ്രദ്ധിക്കുക.

ഞങ്ങളുടെ വിലാസം:
ആത്മീയ യാത്ര, Post Box No. 4, മഞ്ഞാടി പി. ഒ.,
തിരുവല്ലാ-689 105,

Phone: 2674.




# അന്തർദേശീയ സുറിയാനി കോൺഫറൻസ്

**കോട്ടയം (പ്രത്യേക റിപ്പോർട്ടർ)**

കേരളത്തിൽ, എന്നല്ല ഇന്ത്യയിൽതന്നെ, ആദ്യമായി നടക്കുന്ന സുറിയാനി കോൺഫറൻസ് കോട്ടയത്തു ''സീറി''യിൽ (St. Ephrem Ecumenical Research Institiute) വച്ച് 1987 സെപ്ററംബർ ഏഴുമുതൽ പന്ത്രണ്ടുവരെ നടന്നു. സീറിയുടെ ആഭിമുഖ്യത്തിൽ, ഇന്ത്യയിൽ സുറിയാനി പാരമ്പര്യം അവകാശപ്പെടുന്ന വിവിധ ക്രിസ്തീയ വിഭാഗങ്ങൾ എല്ലാം ആത്മാർത്ഥമായും ഉത്സാഹത്തോടും ഇതിൽ സഹകരിക്കുകയുണ്ടായി. പല സഭാവിഭാഗങ്ങളുടെയും പാരമ്പര്യങ്ങളുടെ ഉറവിടമായ ഒരു വലിയ നിധിയാണ് സുറിയാനി പൈതൃകവും ഭാഷയുമെന്ന് മനസ്സിലാക്കി പ്രവർത്തിക്കാൻ ഉത്തേജനം നല്കുക എന്നുള്ളതായിരുന്നു ഈ കോൺഫറൻസിന്റെ ഒരു ലക്ഷ്യം. സുറിയാനി പൈതൃകം അവകാശപ്പെടുന്ന സഭാവിഭാഗങ്ങളിലുള്ള ആളുകൾക്ക തന്നെ ഈ പൈതൃകത്തിന്റെ അമൂല്യ സമ്പത്തിനെക്കുറിച്ച് അറിവില്ലാത്ത പശ്ചാത്തലത്തിൽ, ഈ സമ്പത്ത് ആഴമായി അറിയുവാനും അന്വേഷിച്ചു കണ്ടു പിടിക്കുവാനും വേണ്ട ബോധവല്ക്കരണം ഉളവാക്കുകയും വളർത്തുകയും ചെയ്യുക എന്നുള്ളതായിരുന്നു ഈ സെമിനാറിന്റെ മറെറാരു ലക്ഷ്യം. പാശ്ചാത്യ രാജ്യങ്ങളിൽ പ്രത്യേകിച്ച് യൂറോപ്പിൽ കാര്യമായ വിധത്തിൽ ഈ മണ്ഡലത്തിൽ വളരെയധികം ഗവേഷണങ്ങളും പഠനങ്ങളും നടക്കുന്നുണ്ട് എന്നുള്ളവസ്തുത വിസ്മരിക്കാവുന്നതല്ല.

ഈ കോൺഫറൻസിൽ നമ്മുടെ രാജ്യത്തിൽ നിന്നുള്ള പണ്ഡിതന്മാർ കൂടാതെ സുറിയാനി പാരമ്പര്യം, ഭാഷ, സാഹിത്യം, ചരിത്രം എന്നിവയെ സംബന്ധിച്ച വിഷയങ്ങളിൽ ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്ന പണ്ഡിതന്മാർ—യൂണൈററഡ് സ്റേററ്സ്, യൂണൈറെറഡ് കിംഗ്ഡം, ജർമ്മനി, ഫ്രാൻസ്, ഇറാക്ക് എന്നീ രാജ്യങ്ങളിൽ നിന്നുമുള്ളവർ—പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചർച്ചയിൽ പങ്കെടുക്കുകയും ചെയ്തു. (1) മെസപ്പൊട്ടോമിയായിലെ ആദ്യക്രിസ്ത്യാനികൾ (2) അറമായ സംസ്കാരത്തിന്റെ അററലാസ് (3) സുറിയാനി ക്രിസ്ത്യാനികളുടെ മിസ്റ്റിക് പാരമ്പര്യം, (4) മെസപ്പൊട്ടോമിയായും മലബാറും തമ്മിൽ പത്തൊൻപതാം നൂററാണ്ടിലുണ്ടായിരുന്ന ബന്ധം, (5) സസ്സേനിയൻ സാമ്രാജ്യത്തിൽ ക്രിസ്ത്യാനികൾക്കുണ്ടായ മതപീഡനം, (6) നെസ്തോറിയസിന് എതിരായി കാസ്സിയന്റെ പ്രഖ്യാപനത്തിന്റെ ഒരു പുനരവലോകനം, (7) പാത്രിയർക്കീസ് സബറീസോ ഒന്നാമനും കാതോലിക്കായുമായുള്ള ബന്ധം ഉൾക്കൊള്ളുന്ന സഭാവിജ്ഞാനീയ വശങ്ങൾ, (8) കോതമംഗലം കോശകൾ, (9) മാർത്തോമ്മസഭയുടെ സുറിയാനി പൈതൃകം, (10) സഭയുടെ വളർച്ചയും സുറിയായിൽ നിന്നുള്ള കുടിയേററവും, (11) കുറിയാക്കോസിന്റെ കാററക്കിസത്തിന്റെ കർശൂനിയിലുള്ള കയ്യെഴുത്തുപ്രതി (12) പുരാതന സെമിററിക് പൈതൃകത്തിന്റെ വാഹകയായ സുറിയാനിസഭ, ആദിയായ ചരിത്ര വിഷയങ്ങളെക്കുറിച്ച്, പ്രൊഫസർ. ഹാഗേ (മാബുഗ് സർവ്വകലാശാല), ഡോക്ടർ സാൻഡേഴ്സ് (നെതർലാൻഡ്സ്, ഡോക്ടർ. ജി ജി. ബ്ളും (മാബുഗ് സർവ്വകലാശാല), പ്രൊഫസർ. ഹാബ്ബി (ഇറാക്ക്)


### MAR BASELIOS CHILDREN'S HOME

Mannapra (P.O.)

Palghat District, Kerala State

കാലംചെയ്ത പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവാ തിരുമനസ്സിലെ നാമധേയത്തിൽ 1959—ൽ സ്ഥാപിതമായതും ജാതിമതഭേദമെന്യേ അനാഥരായ ആൺകുട്ടികളെയും പെൺകുട്ടികളെയും രണ്ടു പ്രത്യേക ഭവനങ്ങളിൽ പാർപ്പിച്ചും, അവശ്യം വേണ്ട വിദ്യാഭ്യാസം കൊടുത്തും സംരക്ഷിച്ചുവരുന്നതുമായ ഓർത്തഡോക്സ് സഭയിലെ ഈ സ്ഥാപനത്തെ സംഭാവനയാലും പ്രാർത്ഥനകൾ മൂലവും സഹായിക്കണമെന്നപേക്ഷിക്കുന്നു.

C. T. George
Managing Director.

# സഭാ വാർത്തകൾ

## വാർഷിക കോൺഫറൻസ്

### വിദ്യാർത്ഥി പ്രസ്ഥാനം

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം ഹൈസ്കൂൾ വിഭാഗം വാർഷിക കോൺഫറൻസ് സെപ്തംബർ 10 മുതൽ 12 വരെയുള്ള തീയതികളിൽ ചെങ്ങന്നൂർ പുത്തൻകാവ് മെത്രാപ്പോലീത്തൻ ഹൈസ്കൂളിൽ വച്ചു നടത്തി. 10–ാം തീയതി രാവിലെ ജനറൽ സെക്രട്ടറി ഫാ. ജോൺ തോമസ് പതാക ഉയർത്തി.

പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വച്ചു പ്രസ്ഥാനം പ്രസിഡൻറ് ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. യോഗത്തിൽ തെയോഫോറസ് റമ്പാൻ ആശംസാ പ്രസംഗം നടത്തി. തുടർന്ന് മുഖ്യചിന്താവിഷയത്തിൻെറ വിവിധ വശങ്ങളെക്കുറിച്ച് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, ഫാ. ടി. ജെ. ജോഷ്വാ, ഫാ. ജേക്കബ് കുര്യൻ എന്നിവർ ക്ലാസ്സുകൾ എടുത്തു. ''യേശുവിൽ വളരുക'' എന്നതായിരുന്നു മുഖ്യചിന്താവിഷയം. വ്യക്തിത്വ വികസനം എന്ന വിഷയത്തെപ്പററി ഫിലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്താ ക്ലാസ്സ് എടുക്കുകയുണ്ടായി. ധ്യാനത്തിനു എപ്പിഫാനിയോസ് മെത്രാപ്പോലീത്താ നേതൃത്വം നൽകി.

12–ാം തീയതി ചേർന്ന സമാപനസമ്മേളനത്തിൻെറ ഉത്ഘാടനം പ. കാതോലിക്കാബാവാ നിർവ്വഹിക്കുകയുണ്ടായി. സഭയ്ക്ക് യോഗ്യരായ യുവതലമുറയെ വാർത്തെടുക്കുന്നതിനു വിദ്യാർത്ഥി പ്രസ്ഥാനം അർപ്പണബോധത്തോടെ പ്രവർത്തിക്കണമെന്നു പരിശുദ്ധ കാതോലിക്കാബാവാ പ്രസ്താവിച്ചു. കാതോലിക്കേററ് പുന:സ്ഥാപനത്തിൻെറ എഴുപത്തഞ്ചാം ജൂബിലി കൊണ്ടാടുന്ന അവസരം കൂടിയാണിതെന്ന് ബാവാ അനുസ്മരിപ്പിച്ചു. ഓർത്തഡോക്സ് സഭ ദേശീയസഭയാണെന്നും ഇൻഡ്യയുടെ ദേശീയത്വം നാം പാലിക്കണമെന്നും വിദ്യാർത്ഥി പ്രസ്ഥാനം ഭാവിതലമുറയ്ക്കു മാർഗ്ഗദീപം കാട്ടട്ടെയെന്ന് അഭ്യർത്ഥിച്ചുകൊണ്ടു ദീപം കൊളുത്തിയ ബാവാ 'പ്രകാശിക്കട്ടെ'യെന്നു 3 പ്രാവശ്യം വിദ്യാർത്ഥികളെക്കൊണ്ടു ഉറക്കെ പറയിച്ചു.

ഡോ. ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. മാത്യൂസ് മാർ എപ്പിഫാനിയോസ്, തോമസ് മാർ അത്താനാസിയോസ് എന്നീ തിരുമേനിമാരും ഫാ. ജോൺ തോമസ്, പ്രൊ. ജോസഫ് കെ. അലക്സാണ്ടർ എന്നിവരും പ്രസംഗിച്ചു.

പുത്തൻകാവ് സെൻറ് മേരീസ് കത്തീഡ്രൽ വികാരി ഫാ. ഏബ്രഹാം കോർ എപ്പിസ്കോപ്പാ സ്വാഗതവും സെക്രട്ടറി ഫാ. തോമസ് കുര്യൻ കൃതജ്ഞതയും പ്രകാശിപ്പിച്ചു.



മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



മി. & മിസ്സസ്. ററി. ജി. വർഗീസ്.

ആനി വർഗീസ്, സെക്കൻഡ്രബാദ്.



ഈ വർഷത്തെ ഏററവും നല്ല യൂണിററിനുള്ള യൂഹാനോൻ മാർ അത്താനാസിയോസ് മെമ്മോറിയൽ എവറോളിംഗ് ഷീൽഡ് പത്തനാപുരം സെൻറ് സ്റ്റീഫൻസ് യൂണിററ് കരസ്ഥമാക്കി.

മാസ്റ്റർ എം. ജി. ഒ. സി. എസ്. എം. ആയി ലാപി ജോർജ്ജിനെയും കുമാരി എം. ജി. ഒ. സി. എസ്. എം. ആയി ലീനാ മറിയം അലക്സിനെയും തെരഞ്ഞെടുത്തു.

കലാമത്സരങ്ങളിൽ ഏററവും കൂടുതൽ പോയിൻറു കരസ്ഥമാക്കിയ മീന്തലക്കര സെൻറ് സ്റ്റീഫൻസ് യൂണിററിനു ഡോ. ഉമ്മൻ വാരിക്കാട്ട് മെമ്മോറിയൽ എവറോളിംഗ് ഷീൽഡ് ലഭിച്ചു.

ഹൈസ്കൂൾ കുട്ടികളുടെ വിവിധ കലാമത്സരങ്ങൾക്കുള്ള സമ്മാനങ്ങൾക്കായി എൻഡോവ്മെൻറ് ഏർപ്പെടുത്തുന്നതിനു ഫാ. മത്തായി വിളനിലം അയ്യായിരത്തി ഒന്നു രൂപാ പ. ബാവായെ ഏല്പിച്ചു.

രാവിലെ പ. കാതോലിക്കാബാവായുടെ സാന്നിദ്ധ്യത്തിൽ ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ വി. കുർബ്ബാന അർപ്പിച്ചു.

### യുവജന പ്രസ്ഥാനം

യുവജന പ്രസ്ഥാനം പാമ്പാടി ഗ്രൂപ്പ് വാർഷിക സമ്മേളനം സെപ്ററംബർ 13–ാം തീയതി മീനടം സെൻറ് ജോർജ്ജ് പള്ളിയിൽ നടത്തി. രാവിലെ ഇടുക്കി ഭദ്രാസനാധിപൻ അഭിവന്ദ്യ ബർന്നബാസ് തിരുമേനി വി. കുർബ്ബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞു 2 മണിക്കു പൊതു സമ്മേളനം ആരംഭിച്ചു. ബർന്നബാസ് തിരുമേനി ബൈബിൾ ക്ലാസെടുത്തു. സഭാകവി സി. പി. ചാണ്ടി സഭാചരിത്രാവലോകനം നടത്തി.

ഗ്രൂപ്പ് വൈസ് പ്രസിഡൻറ് ഫാ. കെ. എസ്. ജേക്കബിൻെറ അദ്ധ്യക്ഷതയിൽ കൂടിയ സമാപന സമ്മേളനം ബർന്നബാസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. തന്നാണ്ടവഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കും ഓർഗനൈസർ അവതരിപ്പിച്ചു. ഫാ. ഇ. എം. ഫിലിപ്പ്, ഫാ. തോമസ് ഏബ്രഹാം, സാബു ജേക്കബ് തുടങ്ങിയവർ പ്രസംഗിച്ചു.

കേരള സർക്കാരിൻെറ മദ്യനയത്തിൽ പ്രതിഷേധം രേഖപ്പെടുത്തി പ്രമേയം പാസാക്കി. കെ. കെ. കുരുവിള സ്വാഗതവും, വറുഗീസ് വറുഗീസ് കൃതജ്ഞതയും പ്രകാശിപ്പിച്ചു.

### ഫാദർ. വി. ററി. സ്കറിയാ നിര്യാതനായി



അമ്പത്തഞ്ചു വർഷക്കാലം കങ്ങഴ സെൻറ് തോമസ് പള്ളിവികാരിയായി സേവനം അനുഷ്ഠിച്ചതിനുശേഷം വിശ്രമജീവിതം നയിച്ചുവന്ന വയലപ്പള്ളിൽ ദിവ്യശ്രീ. സ്കറിയാ കത്തനാർ (92) സെപ്ററംബർ 2–ാം തീയതി നിര്യാതനായി. ശവസംസ്കാരം 3–ാം തീയതി പ. കാതോലിക്കാബാവായുടെ പ്രധാന കാർമ്മികത്വത്തിലും, മാർ ഒസ്താത്തിയോസ്, മാർ ബർണാബാസ്, മാർ യൗസേബിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെയും, അനേകം വൈദികരുടെയും സഹകരണത്തിൽ കങ്ങഴ പള്ളിയങ്കണത്തിൽ പ്രത്യേകം തയ്യാർ ചെയ്തിരുന്ന കല്ലറയിൽ നടത്തി.

ശുശ്രൂഷാമദ്ധ്യേ പ. കാതോലിക്കാബാവാ, അച്ചൻെറ മാതൃകാപരമായ ജീവിത നിഷ്ഠകളേയും, സഭാസേവനങ്ങളേയും വിലയിരുത്തി പ്രസംഗിച്ചു. ഇദ്ദേഹം 12–ാം മത്തെ വയസ്സിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് ശെമ്മാശപട്ടവും, അബ്ദൽ മശിഹാ പാത്രിയർക്കീസ് ബാവായിൽനിന്നും കശീശ്ശാപട്ടവും സ്വീകരിച്ചു. തുടർന്ന് കങ്ങഴ പള്ളി വികാരിയായി. കങ്ങഴ ഇടവകയുടെ നാനാമുഖമായ വളർച്ചക്കുവേണ്ടി അച്ചൻ അക്ഷീണ പ്രയത്നം ചെയ്തിട്ടുണ്ട്. അച്ചൻെറ പൗരോഹിത്യ സപ്തതി 1982–ൽ ഇടവക സമുചിതമായി അഘോഷിച്ചു.

വിദ്യാഭ്യാസ സൗകര്യങ്ങൾ തുലോം പരിമിതമായിരുന്ന കങ്ങഴയിൽ 65 വർഷങ്ങൾക്കു മുമ്പു ബ. അച്ചൻ പള്ളിവകയായി ഒരു എൽ. പി. സ്കൂൾ സ്ഥാപിക്കുകയും അതിൻെറ മാനേജരായി ദീർഘകാലം സേവനം അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്,

മുളന്തുരുത്തി മുണ്ടത്താനം സെൻറ് ജോൺസ്, ചോറോടം സെൻറ് മേരീസ് എന്നിവയുടെ രൂപീകരണത്തിന് ബ. അച്ചൻ നേതൃത്വം കൊടുക്കുകയും അവയുടെ വികാരിയായി സേവനം അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്.

അച്ചന്റെ മൃതദേഹം വഹിച്ചുകൊണ്ടുള്ള വിലാപയാത്രയിലും, ശവസംസ്കാര ശുശ്രൂഷയിലും നാനാജാതിമതസ്ഥരായ വൻപിച്ച ഒരു ജനാവലി സംബന്ധിച്ചിരുന്നു.

ഇപ്പോൾ പാറത്തോട് സെൻറ്. ജോർജ് പള്ളി വികാരിയായി സേവനം അനുഷ്ഠിക്കുന്ന ദിവ്യശ്രീ. പി. സി. ജേക്കബ് കത്തനാർ അച്ചന്റെ ദ്വിതീയ പുത്രനാണ്.

### യുവജന വാരാഘോഷം

ചന്ദനപ്പള്ളി വലിയപള്ളി ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ യുവജനവാരാഘോഷവും കാതോലിക്കേററ് പുനഃസ്ഥാപനത്തിന്റെ 75–ാം വാർഷികവും ആഘോഷിച്ചു.

യുവജനങ്ങൾ ഭവനസന്ദർശനം, ഉപവാസം, കമ്പസാരം, വി. കുർബ്ബാനാനുഭവം എന്നിവ നടത്തി. ഫാ. ഇടിക്കുള ദാനിയേൽ ധ്യാനത്തിന് നേതൃത്വം നൽകി. വികാരി ഫാ. പി. ജി. ഗീവർഗീസ് സുവിശേഷറാലി ഉദ്ഘാടനം ചെയ്തു. കെ. ജി. അലക്സാണ്ടർ കൊപ്പാറയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപന യോഗത്തിൽ വർഗ്ഗീസ് പേരയിൽ, ബാബു വർഗ്ഗീസ്, എസ്. തങ്കച്ചൻ, എം. കിര്യാൻ കെ. ജി. ജോൺസൺ, തോമസ് അലക്സാണ്ടർ, കെ. ജി. ഡാനിയേൽകുട്ടി എന്നിവർ പ്രസംഗിച്ചു.


MATRIMONIAL

ഉത്തരേന്ത്യയിൽ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിച്ചിട്ടുള്ളതും ബീഹാറിൽ ബി. എഡിനു പഠിച്ചുകൊണ്ടിരിക്കുന്നതുമായ 24 വയസ്സുള്ള ഓർത്തഡോക്സ് പെൺകുട്ടിക്ക് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

വിശദവിവരങ്ങൾക്ക് എഴുതുക:

Box No. 132
C/o Malankara Sabha
Kottayam-686 038


## മരുഭൂമിയിലെ നീരുറവ

### സെൻറ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ

1975 സെപ്റ്റംബർ 12–ാം തീയതി അഭിവന്ദ്യ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായാൽ സ്ഥാപിതമായ ഈ കോൺഗ്രിഗേഷന്റെ 12–ാം വാർഷികവും പൗരസ്ത്യ കാതോലിക്കാ സിംഹാസന പുനഃസ്ഥാപനത്തിന്റെ പ്ലാററിനം ജൂബിലിയും 1987 സെപ്റ്റംബർ 11–ാം തീയതി വെള്ളിയാഴ്ച വൈകിട്ട 4 മണിക്ക് കോൺഗ്രിഗേഷന്റെ ഒരു അംഗത്തിന്റെ ഭവനത്തിൽ വെച്ച് ആഘോഷിച്ചു. കാതോലിക്കാ സിംഹാസനത്തിനു വേണ്ടിയും അതിന്മേൽ ആരൂഢനായിരിക്കുന്ന പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിക്കു വേണ്ടിയും പ്രത്യേക പ്രാർത്ഥനകൾ നടത്തി.

കോൺഗ്രിഗേഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഒരു ഭാഗമായ ഭവനദാന പദ്ധതി അനുസരിച്ച് 1986–ലെ രണ്ടു വീടുകളുടെ താക്കോൽദാനകർമ്മം കണ്ടനാട് ഭദ്രാസനത്തിൽ വെട്ടിക്കൽ സെൻറ് തോമസ് ഇടവകയിലുള്ള ഐ. സി. ഏബ്രഹാമിന് ഭദ്രാസനാധിപൻ അഭിവന്ദ്യ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയും, സുൽത്താൻബത്തേരി ഭദ്രാസനത്തിൽ കൊമ്മേരി ഇടവകയിൽ പി. പി. വർഗീസിന് കൊമ്മേരി പള്ളി വികാരി ഫാ. പി. വി. സ്റ്റീഫനും അതതുസ്ഥലങ്ങളിൽ നിർവ്വഹിച്ചു. കോൺഗ്രിഗേഷൻ ഇതുവരെ 14 ഭദ്രാസനങ്ങളിലായി 14 വീടുകൾ പണിയുവാനുള്ള ധനസഹായം നൽകിയിട്ടുണ്ട്. 1987–ലെ രണ്ടു വീടുകൾ ചെങ്ങന്നൂർ ഭദ്രാസനത്തിൽ തോട്ടപ്പുഴ ഇടവകയിൽ ശ്രീമതി മറിയാമ്മ കുഞ്ഞുമ്മനും, തുമ്പമൺ ഭദ്രാസനത്തിൽ തുമ്പമൺ ഏറം ഇടവകയിൽ ശ്രീ. പി. സി. ഏബ്രഹാമിനും നൽകുകയും മററു വീടുകളുടെ പണികൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ദൈവത്തിന്റെ അളവററ കരുണകൊണ്ടും കോൺഗ്രിഗേഷൻ അംഗങ്ങളുടെ നിർലോഭമായ സഹായസഹകരണങ്ങൾ കൊണ്ടും ചികിത്സ, പഠനം, വിവാഹം, ജീവസന്ധാരണം, ഭവനം, സംഭാവന, സഭാസ്ഥാപനങ്ങൾ എന്നിവകൾക്കായി ഏകദേശം $3\frac{1}{2}$ ലക്ഷം രൂപയുടെ ധനസഹായം 1986–ൽ ഈ മരുഭൂമിയിലെ നീരുറവ നൽകി.

(STOC Managing Committee)



### ബാഹ്യകേരള വൈദികസമ്മേളനം ഭിലായിൽ

ഭിലായ്: സെൻറ് തോമസ് ഓർത്തഡോക്സ് വൈദികസംഘത്തിന്റെ നേതൃത്വത്തിൽ മദ്രാസ്, ബോംബേ, ഡൽഹി, കൽക്കട്ടാ എന്നീ ഭദ്രാസനങ്ങളിലെ വൈദികരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രഥമ ബാഹ്യ കേരള വൈദികസമ്മേളനം 1987 ഒക്ടോബർ 20, 21, 22, 23 തീയതികളിൽ ഭിലായ് സെൻറ് തോമസ് ആശ്രമത്തിൽവച്ച് നടത്തുന്നതാണ്.

21–ന് വി. കുർബ്ബാനാനന്തരം മദ്രാസ് ഭദ്രാസനാധിപൻ സഖറിയാസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടുന്ന വൈദികസമ്മേളനം ബോംബെ ഭദ്രാസനാധിപൻ ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യും. കൽക്കട്ട ഭദ്രാസനാധിപൻ സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ ആശംസാപ്രസംഗം നടത്തും.

'പുരോഹിതൻ സ്നേഹിതനും പിതാവും' എന്ന ചിന്താവിഷയത്തെ അടിസ്ഥാനമാക്കി നടത്തുന്ന പ്രസ്തുത ക്യാമ്പിൽ റവ. ഡോ. വി. സി. ശാമുവേൽ, റവ. ഡോ. കെ. എം. ജോർജ് എന്നിവർ മുഖ്യപ്രഭാഷണങ്ങൾ നടത്തും.

'മെത്രാപ്പോലീത്താ – വൈദികബന്ധം, ബാഹ്യകേരള ഭദ്രാസനങ്ങളിലെ ആരാധനാ സംവിധാനത്തിലും ഇടവകശുശ്രൂഷയിലും നേരിടുന്ന പ്രശ്നങ്ങൾ, ബാഹ്യകേരള ഭദ്രാസനങ്ങളിലെ ആത്മീയ പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് നേരിടുന്ന പ്രശ്നങ്ങൾ' എന്നിവയെക്കുറിച്ച് ഗ്രൂപ്പ് ചർച്ചാസമ്മേളനം നടത്തും. സഖറിയാസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ ധ്യാനപ്രസംഗങ്ങൾ നയിക്കും.

ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സമാപന സമ്മേളനത്തിൽ ഗ്രൂപ്പ് ചർച്ചകളുടെ അവലോകനം, ബിസിനസ് മീററിംഗ്, സമ്മേളനാവലോകനം എന്നിവയിൽ പങ്കെടുത്തുകൊണ്ട് വിവിധ ഭദ്രാസന പ്രതിനിധികൾ സംസാരിക്കും.

ബൈബിൾ ക്ലാസ്സുകൾ, പ്രഭാഷണങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ, ധ്യാനപ്രസംഗം, വി, നാടകള ടെ ഫിലിം പ്രദർശനം എന്നീ പരിപാടികൾ ഉൾപ്പെടുത്തിക്കൊണ്ട് നടത്തുന്ന ഈ വൈദികസമ്മേളനം വിജയിപ്പിച്ച് അനുഗ്രഹപ്രദമാക്കുവാൻ ബാഹ്യകേരള ഭദ്രാസനത്തിലെ എല്ലാ വൈദികരും നിർബന്ധമായും വന്നുചേരണമെന്ന് വൈദിക സംഘം ജനറൽ സെക്രട്ടറി റവ. ഡോ. എം. എ. മത്തായി അറിയിക്കുന്നു.

ഭിലായിൽ നിന്നുമുള്ള മടക്കയാത്രയ്ക്ക് റെയിൽവേ റിസർവേഷൻ ആവശ്യമുള്ളവർ എത്രയുംവേഗം Superior, St. Thomas Ashram, P. O. Box 24, Kailash Nagar, Durg, Bhilai, M. P. എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്. [ഫോൺ 5686]

### ബാലികാ ബാലസമാജം

കണ്ടനാട് ഭദ്രാസന ഓർത്തഡോക്സ് ബാലികാബാലസമാജത്തിന്റെ അഞ്ചാമത്ത് വാർഷിക സമ്മേളനം സെപ്റ്റംബർ 12–ാം തീയതി മുളക്കുളം മണ്ണുക്കുന്ന് സെ. മേരീസ് ഓർത്തഡോക്സ് പള്ളിയിൽവച്ച് നടന്നു. വികാരി ഫാ. ഗീവർഗീസ് ചെമ്മനം സ്വാഗതം പറഞ്ഞു. അഡ്വ. അബ്രാഹം വർഗീസ് ധ്യാനപ്രസംഗം നടത്തി. കണ്ടനാട് ഭദ്രാസനാധിപൻ അഭിവന്ദ്യ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡീ. ഓ. പി. വർഗീസ് ക്ലാസ്സ് എടുത്തു. ഡീ. രാജൻ വി. ജോൺ ഗീതങ്ങൾ പഠിപ്പിച്ചു.

ഉച്ചകഴിഞ്ഞു നടന്ന സമാപനസമ്മേളനത്തിൽ മാർ പക്കോമിയോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. പി. സി. തോമസ് എം. എൽ. എ. സമ്മേളനം ഉദ്ഘാടനം ചെയ്തു. ഭദ്രാസന ജനറൽ സെക്രട്ടറിമാരായ കെ. സി. തമ്പി ബാലസമാജത്തിന്റെയും, മിസ്. വി. പി. ലില്ലി ബാലികാസമാജത്തിന്റെയും റിപ്പോർട്ടുകൾ അവതരിപ്പിച്ചു. അഖില മലങ്കര ബാലസമാജം പ്രസിഡൻറ് അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് തിരുമനസ്സിലെ ആശംസാസന്ദേശം മി. ജേക്കബ് കുര്യൻ വായിച്ചു.

ബാലസമാജം ജനറൽ സെക്രട്ടറി ഫാ. ഡാനിയേൽ പുല്ലേലിൽ, ഫാ. പി. യു. കുര്യാക്കോസ്, മാത്യു ഇട്ടൻ എന്നിവർ പ്രസംഗിച്ചു. ജലാലയാ മാത്യുവിന്റെ സംഗീതം, ഭദ്രാസന മത്സരവിജയി


**മലങ്കരസഭ**
**പരസ്യകൂലി**

| | |
|---|---|
| ഫുൾ പേജ് | 500 രൂപാ |
| അര പേജ് | 300 രൂപാ |
| കാൽ പേജ് | 175 രൂപാ |
| മിനിമം | 100 രൂപാ |

## അദ്ധ്യാപക പരിശീലന ക്യാമ്പ്

കോട്ടയം ഭദ്രാസന സൺഡേസ്കൂൾ അദ്ധ്യാപകരുടെ ത്രിദിന പഠനക്യാമ്പ്, വാഴൂർ ഡി. ന്റെ ആഭിമുഖ്യത്തിൽ, കങ്ങഴ എം. ജി. ഡി. എം ആശുപത്രി ആഡിറ്റോറിയത്തിൽ സി. വി. ജോർജ്ജ് കോർ എപ്പിസ്കോപ്പാ ഉത്ഘാടനം ചെയ്തു. ഡയറക്ടർ ചെറിയാൻ ആൻഡ്രൂസ് ആദ്ധ്യക്ഷം വഹിച്ചു. ശ്രീ. സി. ഇ. കുരുവിള (ഇൻസ്പെക്ടർ) സ്വാഗതം ആശംസിച്ചു.

തുടർന്നു നടന്ന ക്ലാസ്സുകളിൽ, വേദശാസ്ത്രപരവും, ആരാധനികവും സഭാചരിത്ര പരവുമായ വിഷയങ്ങളെ ആസ്പദമാക്കി, ഇടുക്കി ഭദ്രാസനാധിപൻ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ, തിയോളജിക്കൽ സിമ്മനാരി അദ്ധ്യപകരായ ഫാ. ജയിക്കബ് കുര്യൻ, റവ. ഡോ. വി. പി. വറുഗീസ്, റവ. ഡോ. എം. എ. മത്തായി, റവ. ഡോ. വി. സി സാമുവേൽ എന്നിവർ ക്ലാസുകൾ എടുത്തു. സി. എ. എബ്രഹാമിന്റെ മാതൃകാ ക്ലാസ്സ്' മെഡിക്കൽ സൂപ്രണ്ട ഡോ. എസ് ജോസഫിന്റെ സമാപന സന്ദേശം, ഹെഡ് മാസ്റ്റർ കെ. എ. വറുഗീസിന്റെ കൃതജ്ഞതാ പ്രകടനം എന്നിവയോടുകൂടി ക്ലാസുകൾ സമാപിച്ചു.

ക്യാമ്പിൽ സംബന്ധിച്ച എൺപതിൽ പരം ആളുകൾക്ക ഹോസ്പിററൽ മാനേജിംഗ് ട്രസ്റ്റി വർഗീസ് പോൾ ആതിഥ്യം അരുളി.

## പി. ഗീവറുഗീസ് മെമ്മോറിയൽ ട്രോഫി

കങ്ങഴ എം. ജി. ഡി. എം. ആശുപത്രിയും അനുബന്ധ സ്ഥാപനങ്ങളും നിർമ്മിച്ച് സഭയ്ക്കു നല്കിയ പരേതനായ പി. ഗീവറുഗീസിന്റെ പേരിൽ അദ്ദേഹത്തിന്റെ പുത്രൻ വറുഗീസ് പോൾ ഒരു എവർറോളിംഗ് ട്രോഫി, കോട്ടയം ഭദ്രാസനത്തിലെ സണ്ടേസ്കൂൾ അദ്ധ്യാപക പഠനക്യാമ്പിൽ കൂടുതൽ അദ്ധ്യാപകരെ പങ്കെടുപ്പിക്കുന്ന ഡിസ്ട്രിക്ടിന് നൽകുന്നതിനായി ഏർപ്പെടുത്തിയിരിക്കുന്നു.

## പുതുപ്പാടി

മലബാർ ഭദ്രാസന സണ്ടേസ്ക്കൂൾ അദ്ധ്യാപക പരിശീലനക്ലാസ് സെപ്റ്റംബർ 11, 12 തീയതികളിൽ ഭദ്രാസന ഡയറക്ടർ എം. ജി. പൗലൂസിന്റെ ചുമതലയിൽ പുതുപ്പാടിയിൽവച്ചു നടത്തി. ഫാ. പി. എം. തോമസ്, ഫാ. കുറിയാക്കോസ്, പ്രൊഫ. എസ്. നൈനാൻ, പ്രൊഫ. ററി. ററി. തോമസ്, ററി. എം. പൗലോസ്, പി. ററി. പൗലോസ്, കെ. ഓ. ഏലിയാസ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ക്യാമ്പിൽ 63 അദ്ധ്യാപകർ പങ്കെടുത്തു. അവസാനദിവസം ക്യാമ്പ് അംഗങ്ങൾ എല്ലാവരും കമ്പസാരിച്ച് വി. കർബാന കൈക്കൊണ്ടു.

### പരുമല പെരുന്നാൾ

പ. പരുമല തിരുമേനിയുടെ 85–ാം ഓർമ്മപ്പെരുന്നാൾ 1987 നവംബർ 1, 2 (ഞായർ, തിങ്കൾ) തീയതികളിൽ പ. പിതാവ് കബറടങ്ങിയിരിക്കുന്ന പരുമല സെമിനാരിയിൽ ഭക്തി പുരസരം കൊണ്ടാടുന്നതാണ്. പ. കാതോലിക്കാബാവാ തിരുമേനിയും, സഭയിലെ മററു മെത്രാപ്പോലീത്താ തിരുമേനിമാരും പെരുന്നാൾ ചടങ്ങുകളിൽ സംബന്ധിക്കും.

### മലങ്കരസഭാ ഓഫീസ്

പെരുന്നാളിനോടനുബന്ധിച്ച് മലങ്കരസഭാ മാസികയുടെ ഓഫീസ് പതിവുപോലെ സെമിനാരിയോട് ചേർന്ന് പ്രവർത്തിക്കുന്നതായിരിക്കും. മാസികയുടെ വരിസംഖ്യ അടയ്ക്കാനുള്ളവർക്കും, മാസികയിൽ ഉപകാരസ്മരണാ ബ്ളോക്കുകൾ പ്രസിദ്ധപ്പെടുത്തുന്നതിന് ആഗ്രഹിക്കുന്നവർക്കും പ്രസ്തുത ഓഫീസിൽ പണം അടയ്ക്കുന്നതിന് സൗകര്യം ഉണ്ടായിരിക്കും. മാസികയ്ക്ക് ഓരോരുത്തരും അടയ്ക്കാനുള്ള കുടിശിഖയും, 1988–ലേക്കുള്ള വരിസംഖ്യാ വിവരവും മാന്യവരിക്കാരെ പ്രത്യേകം നോട്ടീസുമൂലം അറിയിച്ചിട്ടുണ്ട്. ടി തുക പരുമല പെരുന്നാളിനു മുമ്പ് അയച്ചു തരികയോ പെരുന്നാൾ ദിവസം ഓഫീസിൽ ഏല്പിക്കുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. അല്ലാത്തപക്ഷം മാസിക അയയ്ക്കുന്നതല്ല.

വരിസംഖ്യ അടയ്ക്കുമ്പോൾ ഇവിടെ നിന്ന് അയച്ചിട്ടുള്ള നോട്ടീസ് കൂടി കൊണ്ടുവന്നാൽ കൂടുതൽ സൗകര്യപ്രദമായിരിക്കും.

കാതോലിക്കേററ് ഓഫീസ്
കോട്ടയം

ഫാ. ററി. ജി. സഖറിയ
മാനേജർ



## ജസ്ററീസ് ജോൺ മാത്യുവിനും കുടുംബത്തിനും ബാലഗ്രാമിൽ സ്വീകരണം

കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ജോൺ കെ. മാത്യുവിനും കുടുംബത്തിനും ബാലഗ്രാമിൽ ഹൃദ്യമായ സ്വീകരണം നൽകി. 1987 സെപ്റ്റംബർ 6–ാം തീയതി ബാലഗ്രാമിലെത്തിയ ജസ്റ്റീസിനേയും കുടുംബത്തേയും ബാലഗ്രാം ഡയറക്ടർ ഫാ. കെ. ഐ. ഫിലിപ്പും കുഞ്ഞുങ്ങളും പ്രവർത്തകരും ചേർന്ന് സ്വീകരിച്ചു. തുടർന്ന് ബാലഗ്രാമിലെ കുഞ്ഞുങ്ങൾ അദ്ദേഹത്തെയും കുടുംബത്തെയും പൂമാലകൾ അണിയിച്ചു. സ്വീകരണത്തിന് ജസ്റ്റിസ് നന്ദി പറഞ്ഞു. ഇവിടെ വന്ന് ബാലഗ്രാമിന്റെ പ്രവർത്തനങ്ങളൊക്കെ മനസ്സിലാക്കുവാനും കുഞ്ഞുങ്ങളെയും പ്രവർത്തകരെയും സ്നേഹിതരെയുമൊക്കെ കാണുവാനും കഴിഞ്ഞതിലുള്ള സന്തോഷം അദ്ദേഹം പ്രകടിപ്പിക്കുകയും അദ്ദേഹത്തിനും കുടുംബത്തിനും നൽകിയ സ്വീകരണത്തിന് പ്രത്യേകം നന്ദി അറിയിക്കുകയും ചെയ്തു.

തുടർന്ന് വിശിഷ്ടാതിഥിക്കും കുടുംബത്തിനും മററ് അതിഥികൾക്കും ബാലഭവനസ്നേഹിതർക്കും ഹൃദ്യമായ ഊണവിരുന്ന് നൽകി.

അന്നു രാവിലെ ഹൈദരാബാദ് പള്ളിയിൽ വി. കർബ്ബാനയിൽ സംബന്ധിച്ച ജസ്റ്റീസ് ജോൺ മാത്യുവിനും കുടുംബത്തിനും ഇടവകവകയായി സ്വീകരണം നൽകുകയുണ്ടായി.

## സമ്മാനം നേടി

മലങ്കര ഓർത്തഡോക്സ് ബാലികാ ബാലസമാജത്തിന്റെ അഖില മലങ്കരാടിസ്ഥാനത്തിൽ കോട്ടയം സോഫിയാ സെൻററിൽ വച്ചു നടന്ന പ്രസംഗ പരിശീലന ക്യാമ്പിനോടനുബന്ധിച്ച് നടന്ന പ്രസംഗമത്സരത്തിൽ കണ്ടനാട് ഭദ്രാസനത്തിൽപ്പെട്ട മുളക്കുളം കർമ്മേൽകുന്നു പള്ളിയിലെ കുമാരി റിജി പൗലോസ് ഒന്നാം സമ്മാനം കരസ്ഥമാക്കി കാഷ് അവാർഡിന് അർഹയായി.

## റമ്പാൻ സ്ഥാനം നൽകി

പ. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് അട്ടച്ചാക്കൽ ദയറാംഗങ്ങളായ ഫാ. പി. കെ. ഡേവിഡിനും ഫാ. കെ. എം. തോമസിനും ദയറാ സുപ്പീരിയർ ബ. മാത്യൂസ് റമ്പാച്ചന്റെ 84–ാം ജന്മദിനത്തിൽ അട്ടച്ചാക്കൽ പള്ളിയിൽ വച്ചും മാവേലിക്കര പുതിയകാവു പള്ളി വികാരിയായിരുന്ന ഫാ. ഈ. കെ. കോശിക്കു് പുതിയകാവുപള്ളിയിൽവച്ചും പത്തനാപുരം ദയറാ സുപ്പീരിയർ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ, ആശ്രമാംഗങ്ങളായ ഫാ. ററി. എം. ശമുവേൽ, ഫാ. ഗീവർഗീസ് എന്നിവർക്ക് പത്തനാപുരം ദയറാ ചാപ്പലിൽ വച്ചും റമ്പാൻ സ്ഥാനം നൽകുകയുണ്ടായി.

## പ്രസംഗ പരിശീലന ക്യാമ്പ്

അഖില മലങ്കര ഓർത്തഡോക്സ് ബാലസമാജത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടയം സോഫിയാ സെൻററിൽ വെച്ച് പ്രസംഗ പരിശീലന ക്യാമ്പ് നടത്തി.

ബാലസമാജം പ്രസിഡൻറ് തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം ശ്രീ. തോമസ് കുതിരവട്ടം എം. പി. ഉദ്ഘാടനം ചെയ്തു. പ്രൊഫ. വർഗീസ് പടിയറ, പ്രൊഫ. ജോർജ് മററപ്പള്ളി എന്നിവർ പ്രസംഗിച്ചു.

പ്രസംഗകലയുടെ വിവിധ വശങ്ങളെക്കുറിച്ച്

Opening Shortly
EBENEZER MEDICAL MISSION HOSPITAL
Thalavoor P. O, Kottarakkara
(Under Kaduvathottathil Charitable Society Regd. No. Q 50186)
With Modern Equipments & Facilities (Lab, X-ray, ECG)
For OPD & IP by Qualified and Experienced Staff
Wanted Service minded Couples as Gynaecologist & Paediatrician
Doctors and Nurses Providing Good Accommodation
Apply to: Rev. Fr. (Dr) J. K. Vaidyan Kaduvathottathil
Kizhakketheruvu P. O., Kottarakara.

ഫാ. റ്റി. ജെ. ജോഷ്വാ, പ്രൊഫ. ജോർജ് മാറാപ്പള്ളി, മാത്യു ശങ്കരത്തിൽ, പാലാ കെ. എം. മാത്യു, കെ. എ. മോസസ്സ്, ഫാ. ഡാനിയേൽ പുല്ലേലിൽ എന്നിവർ ക്ലാസ്സെടുത്തു.

ക്യാമ്പിൽ നടന്ന പ്രസംഗമത്സരത്തിൽ റിജി പൗലൂസ് മുളക്കുളം വി. ഫിലിപ്പ് മാത്യൂസ്, കിഴവഞ്ചൂർ, ജോൺ ജോൺ കുളനട എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. സമാപന ചടങ്ങിൽവച്ച് അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് എപ്പിസ്കോപ്പാ ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു.

## നേതൃത്വ പരിശീലന ക്യാമ്പ് നടത്തി

മലങ്കര ഓർത്തഡോക്സ് സഭയിലെ വിവിധ ആദ്ധ്യാത്മികസംഘടനാ ഭാരവാഹികൾക്കുവേണ്ടിയുള്ള നേതൃത്വ പരിശീലന ക്യാമ്പ് സെപ്റ്റംബർ 11, 12 തീയതികളിൽ കോട്ടയം സോഫിയാ സെന്ററിൽവച്ച് നടത്തി.

'ആദ്ധ്യാത്മിക സംഘടനകൾ — പ്രശ്നങ്ങളും പ്രതിവിധികളും' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ചർച്ചയ്ക്ക് നിരണം ഭദ്രാസനാധിപൻ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ നേതൃത്വം നൽകി. വിവിധ ആദ്ധ്യാത്മിക സംഘടനകളെ പ്രതിനിധീകരിച്ച് ഫാ. ജോൺ തോമസ് (വിദ്യാർത്ഥിപ്രസ്ഥാനം), സി. യു. മാത്യു (സൺഡേസ്കൂൾ), പി. തോമസ് (യുവജന പ്രസ്ഥാനം), ഫാ. ഡാനിയേൽ പുല്ലേലിൽ (ബാലസമാജം), ജി. തങ്കമ്മ (ബാലികാസമാജം) പ്രൊഫ. മേരി തോമസ് (സ്ത്രീസമാജം) എന്നിവർ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രസംഗിച്ചു.

എല്ലാ ആദ്ധ്യാത്മിക സംഘടനാപ്രവർത്തകരേയും പങ്കെടുപ്പിച്ചുകൊണ്ട് ഇടവകതലത്തിൽ 'പ്രാർത്ഥനായജ്ഞശൃംഖല' ജനുവരി 26-ന് സംഘടിപ്പിക്കുക, ആദ്ധ്യാത്മികസംഘടനകളുടെ ബാഹുല്യം പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതിനാൽ ആദ്ധ്യാത്മിക സംഘടനകളെക്കുറിച്ച് പുനർചിന്തനം നടത്തുക, ഇതിനായി എല്ലാ പ്രസ്ഥാനങ്ങളുടെയും പ്രസിഡന്റു തിരുമേനിമാർ മററു ഇതര ഭാരവാഹികൾ എന്നിവരുടെ ഒരു സംയുക്ത സമ്മേളനം ഒക്ടോബർ 31-ന് കോട്ടയത്തു വിളിച്ചുകൂട്ടുക, ഇടവകതലത്തിൽ പ്രസ്ഥാനങ്ങൾ സജ്ജമാക്കുന്നതിനു ഭദ്രാസന മെത്രാപ്പോലീത്തന്മാർ വികാരിമാരെ ഉത്തേജിപ്പിക്കുക, ഭദ്രാസനതലത്തിൽ വർഷാരംഭത്തിൽ തന്നെ ആദ്ധ്യാത്മികപ്രസ്ഥാന പ്രവർത്തകരുടെ പ്രത്യേക സമ്മേളനം വിളിച്ചുകൂട്ടുക, സ്ത്രീകളുടെ പങ്കാളിത്തം ഇടവകതലത്തിൽ സമാർജ്ജിക്കുവാൻ വേണ്ട പ്രാധാന്യത്തെക്കുറിച്ച് ചിന്തിക്കുക.

എന്നിത്യാദി കാര്യങ്ങളെക്കുറിച്ച് ചർച്ചയിൽ പങ്കെടുത്തവർ സവിസ്തരം പ്രതിപാദിച്ചുകൊണ്ട് പ്രസംഗിച്ചു.

സഭാശുശ്രൂഷ പുതിയനിയമവെളിച്ചത്തിൽ, സഭാസേവനത്തിൽ നമ്മുടെ പങ്ക് എന്നീ വിഷയങ്ങളെക്കുറിച്ച് യഥാക്രമം ഫാ. ടി. ജെ. ജോഷ്വാ, ഫാ. ഒ. തോമസ് എന്നിവർ ക്ലാസ്സെടുത്തു. ഫാ. ടി. വി. ഏലിയാസ് സ്വാഗതം ആശംസിച്ചു. സൺഡേസ്കൂൾ ഡയറക്ടർ സി. വി. ജോർജ് കോർ എപ്പിസ്കോപ്പാ, പബ്ളിക്കേഷൻ ഓഫീസർ, ഫാ. റ്റി. ജി. സഖറിയാ, ഫാ. ജേക്കബ് കുര്യൻ, ഫാ. ജോസഫ് ശമുവേൽ, ഡീക്കൻ എം. സി. ചെറിയാൻ, തോമസ് വർഗീസ്, പ്രൊഫ. കെ. സി. ജോർജ്, ജയിംസ് മുള്ളനിക്കാട്ട് മുതലായവരും ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചു.

## ട്രോഫി നേടി

പന്തളം: പന്തളം ഡിസ്ട്രിക്ട് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ വാർഷിക കലാമത്സരത്തിൽ ഏററവും കൂടുതൽ പോയിന്റുകൾ നേടി പന്തളം അറത്തിൽ സെന്റു് ജോർജ് യുവജന പ്രസ്ഥാനം ട്രോഫി കരസ്ഥമാക്കി. പ്രസംഗം, ചെറുകഥ, കവിത എന്നിവയിൽ ജോൺ തോമസ് കരിങ്ങാട്ടിൽ ഒന്നാം സ്ഥാനവും ബെന്നി മാത്യു, വി. സി. മാത്യു, ജെയിംസ് ഡാനിയേൽ എന്നിവരുൾപ്പെട്ട സമൂഹഗാനത്തിനു് ഒന്നാം സ്ഥാനവും ലഭിച്ചു. ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് എപ്പിസ്കോപ്പായിൽനിന്നും ഫാ. തോമസ് കൊക്കാപറമ്പിൽ ട്രോഫി ഏററുവാങ്ങി.

## സണ്ടേസ്ക്കൂൾ കലണ്ടർ വില്പനയ്ക്ക്

സഭാവിശേഷദിവസങ്ങളും, സണ്ടേസ്കൂൾ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളും, പൊതു ഒഴിവുദിവസങ്ങളും, പെരുനാളുകളും പുതിയ നിയമത്തിലെ മനോഹരമായ ചിത്രങ്ങളും അഭിവന്ദ്യ തിരുമേനിമാരുടെ ബ്ലോക്കുകളും ചേർത്തു് നാലു കളറിൽ ഓർത്തഡോക്സ് സണ്ടേസ്കൂൾ അസോസ്യേഷൻ പ്രസിദ്ധപ്പെടുത്തുന്ന 1988-ലെ ഷീററു കലണ്ടർ അച്ചടിയിൽ. നവംബർ 2-ാം തീയതി പരുമല പെരുനാളിൽ വിതരണം ഉദ്ഘാടനം ചെയ്യുന്ന ഈ കലണ്ടറിനു വില രൂപാ. 3. കച്ചവടക്കാർക്ക് ആകർഷണീയമായ കമ്മീഷൻ.

കോപ്പികൾക്കു് ഉടനെ ആവശ്യപ്പെടുക:

പബ്ളിക്കേഷൻ ഓഫീസർ, സണ്ടേസ്കൂൾ ഓഫീസ്, ദേവലോകം പി. ഒ., കോട്ടയം-686038

—o—



# ബൈബിൾ പഠനം

ഡീ. എം. സി. ചെറിയാൻ

### പാഠം 58

### ഫിലേമോൻ

വിജയിയുടെ പേരും വിലാസവും

പേരു്. മിസ്സസ്. ജോർജ്ജ് മുതലാളി

വിലാസം. മക്കാർ ലയിൻ, കൊച്ചിൻ.

ഭദ്രാസനം: കൊച്ചി

രജി. നമ്പർ. 5199

### പാഠം 58 (ഉത്തരം)

1. 4 (ഫിലേമോൻ, 2 യോഹന്നാൻ, 3 യോഹന്നാൻ, യൂദാ)
2. 25
3. 2 (പൗലോസ്, തിമോഥിയോസ്)
4. 3 (ഫിലേമോൻ, അപ്പിയ, അക്കിപ്പോസ്)
5. 2 (3, 25)
6. 3 (1, 9, 23)
7. 3 (5, 3, 20)
8. 2 (7, 20)
9. 11 (പൗലോസ്, തിമോഥിയോസ്, ഫിലേമോൻ, അപ്പിയ, അക്കിപ്പോസ്, ഒനേസിമോസ്, എപ്പഫ്രാസ്, മർക്കോസ്, അരിസ്തർക്കോസ്, ദേമാസ്, ലൂക്കോസ്)
10. 2 (6, 22)
11. 58

### തിരുത്ത്

പാഠം 56-ൽ 6-ാം ചോദ്യത്തിൽ രണ്ടു കിരീടം എന്നു കൊടുത്തിരുന്നതു് തെറ്റാണ്. ശരിയായ ഉത്തരം 'നീതിയുടെ കിരീടം' മാത്രമാണ്. 2 തിമോത്തി 2:5-ൽ ഇപ്രകാരം കാണാം. 'ഒരുത്തൻ മല്ലുകെട്ടിയാലും ചട്ടപ്രകാരം പൊരുതുന്നില്ല എങ്കിൽ കിരീടം പ്രാപിക്കയില്ല'. ശരിയായ അർത്ഥത്തിൽ 'ഒരുത്തൻ മല്ലുകെട്ടിയാലും ചട്ടപ്രകാരം പോരാടാതിരുന്നാൽ കിരീടം പ്രാപിക്കയില്ല' എന്നാണ്. 'പൊരാട്ടിൽ' എന്ന വാക്കിന്റെ അർത്ഥം മനസ്സിലാക്കാതെ കിരീടം എന്നു തെററിദ്ധരിച്ചതാണ്. ഇപ്രകാരം ഒരു തെററു വരുത്തിയതിൽ ഖേദിക്കുന്നു. ഉത്തരത്തിൽ വേണ്ട തിരുത്തു് വരുത്താമല്ലോ.

### പാഠം 61

### പത്രോസ് എഴുതിയ 1-ാം ലേഖനം

പ്രവേശനഫാറം

പേര് ..................................................

വിലാസം...............................................

ഭദ്രാസനം ............................................

രജി: നമ്പർ.......................

### പാഠം 58

1. ജോർഡി, പറവൂർ
2. ലോഫ്സൻ, ചെങ്ങന്നൂർ
3. സാറാമ്മ കുറിയാക്കോസ്, കല്ലിശ്ശേരി
4. മോളി മാത്യൂസ്, നാരങ്ങാനം
5. തോമസ് കെ. വി. കരഗ്പൂർ
6. ഡാനിയേൽ വി. സി. കല്ലൂട്ട
7. ജോർജ് കോശി, കെപ്പട്ടൂർ
8. ഗ്രേസ് പി. മാത്യു, കല്ലിശ്ശേരി
9. ഏലിയാമ്മ കോശി, ബസ്തർ
10. ചിന്നമ്മ ബേബി, കുണ്ണങ്കോട്ട്
11. ജോർജ് പി. വി. രേണുകൂട്
12. മറിയാമ്മ റ്റി. എം. പാററ്നാ
13. സാറാമ്മ തോമസ്, മലാട്
14. ഏബ്രഹാം പി. എം. കുത്താട്ടുകുളം
15. മേഴ്സി ചെറിയാൻ, രേണുകൂട്
16. മിസ്സസ് ജോർജ് മുതലാളി, കൊച്ചി
17. പൗലോസ് എം. വി. ചെല്ലങ്കോട്
18. മറിയാമ്മ വറുഗീസ്, ആനിക്കാട്
19. സ്കറിയാ റ്റി. ജെ. തുമ്പമൺ
20. സഖറിയാ പനസ്സമേററം, ഫരീദാബാദ്
21. ലൈബി വറുഗീസ്, കുന്നന്താനം
22. വി. ജെ. റ്റി. കുന്നന്താനം, ബസ്തർ
23. റോസമ്മ കെ. ജെ. ഫരീദാബാദ്
24. പുഷ്പാ ജോർജ്, കോയിപ്രം
25. മാത്യു വറുഗീസ്, സീതത്തോട്
26. മറിയാമ്മ തോമസ്, ഭോപ്പാൽ
27. അനിതാ ജോയിസ്, കരസ്സാട്

28. ഷീലാ ജോർജ്, കൊപ്പട്ടൂർ
29. ജയ് കുര്യൻ, മൂലവട്ടം
30. ലിസി ജോൺ, മാവേലിക്കര
31. ഷൈല തോമസ്, എടക്കര
32. റജി ഫിലിപ്പ്, ചുങ്കത്തറ
33. തോമസ് എസ്. നെല്ലിപ്പള്ളി
34. ഡോ. ഏലിയാമ്മ ഐസക്, പുത്തൂർ
35. ചെറിയാൻ പി. സി. ദുർഗ്ഗ്
36. എസ്സിമോൾ, പഴഞ്ഞി
37. മറിയക്കുട്ടി ഐപ്പ്, ഭിലായി
38. മറിയാമ്മ ജോർജ്, കോഴിക്കോട്
39. അജിത് പി. ജോൺ, വടകോട്
40. കുര്യൻ പി. റ്റി. പാററ്നാ
41. കോശി മത്തായി, നന്ദിനി
42. ഏബ്രഹാം കെ. വി. കനകപ്പലം
43. ഗീവറുഗീസ് ഏ. റ്റി. കല്ലൂട്ട
44. രാജു പി. വർഗീസ്, ഇടുക്കി
45. തങ്കമ്മ ഏബ്രഹാം, ഗുജറാത്ത്
46. സൂനു മെർലിൻ, പന്തളം
47. മേരിക്കുട്ടി ജോർജ്, മദ്രാസ്
48. ജസ്സി ജോർജ്, കല്പറ്റ
49. ജോർജുകുട്ടി റ്റി. ഡി. മദ്രാസ്
50. സസ്സി ജോർജ്, കൈപ്പുഴ
51. ജി. കുട്ടി, ചെറിയനാട്
52. ലാലി മാത്യു, ബറോഡ
53. അന്നമ്മ മത്തായി, ആനിക്കാട്
54. അച്ചാമ്മ മാത്യു, ഭോപ്പാൽ
55. റേച്ചൽ ചാക്കോ, ആനിക്കാട്

പ്രിയ മാസികാ സുഹൃത്തുക്കളെ! കഴിഞ്ഞ അഞ്ചു വർഷമായി നമ്മൾ തുടർന്നുവന്ന പ്രയാണം ഈ പദ്ധതിയുടെ അവസാനത്തിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. ഇനിയും ഏതാനം പാഠങ്ങൾകൊണ്ട് 'ബൈബിൾ പഠനം' പംക്തി അവസാനിക്കുന്നതാണ്. എന്നാൽ മാസികാ സുഹൃത്തുക്കളുടെ പ്രത്യേകം താല്പര്യപ്രകാരം ചോദ്യത്തിൽ അല്പവ്യതിയാനം വരുത്തി പുതിയ പംക്തി ആരംഭിക്കണമെന്നുണ്ട്. കൂടുതൽ വിവരങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്. മാസികയിൽ വിജയികളാകുന്നവർക്ക് പരുമലപ്പെരുന്നാളിനോടനുബന്ധിച്ചാണല്ലോ സമ്മാനം നൽകാറുള്ളത്. ഈ വർഷവും നവംബർ 2–ാം നു പരുമലയിൽ വിജയികൾക്കുള്ള സമ്മാനം നൽകുന്നതാണ്. വിജയികളായവർ (1986 ഒക്ടോബറിനുശേഷം) ഫാ. റ്റി. ജി. സഖറിയാ, മാനേജർ, മലങ്കരസഭ, കോട്ടയം–38 എന്ന വിലാസത്തിൽ ബൈബിൾ പഠനത്തിൽ (ഇന്ന) പാഠത്തിലെ വിജയിയാണ്. തുടർച്ചയായി 12 പാഠങ്ങളിൽ വിജയിയായി (ഇന്ന മാസം മുതൽ) ഇതിനുള്ള സർട്ടിഫിക്കേററ് അയച്ചുതരിക എന്ന് എഴുതുക.

അനേകം പേർ ഉത്തരം അയയ്ക്കുന്നുണ്ട്. എന്നാൽ നിസ്സാരമായ തെററുകൊണ്ടോ മറേറാ ആണ് മുഴുവൻ ഉത്തരം അയയ്ക്കുന്നതിൽ ഉൾപ്പെടാൻ സാധിക്കാത്തത്. പാഠത്തിൽ ചേർത്തിരിക്കുന്ന ഉത്തരം മനസ്സിലാക്കി നിങ്ങൾ കൈവശം വച്ചിരിക്കുന്ന ഉത്തരത്തിൽ വേണ്ട തിരുത്തലുകൾ വരുത്തുക. ഇപ്പോൾ ഫിലേമോന്റെ മറുപടി കത്തിന്റെ തിരക്കിലായിരിക്കുമല്ലോ. നിങ്ങൾ മറുപടി നവംബർ 30–നു മുൻപ് അയച്ചുതരിക.

പാഠം 61–ന്റെ ഉത്തരം അടുത്ത മാസം 15–നു മുമ്പായി പാഠം 61, ബൈബിൾ പഠനം, C/o Dn. M. C. Cherian, Orthodox Student Centre, Trivandrum - 1 എന്ന വിലാസത്തിൽ അയയ്ക്കുക.

### പാഠം 61–1 പത്രോസ്

1. പത്രോസിന്റെ ലേഖനം പേരെടുത്തു പറയുന്ന എത്ര സ്ഥലക്കാർക്കാണ് എഴുതിയത്?
2. യേശുക്രിസ്തു എന്ന പദം ലേഖനത്തിൽ എത്ര?
3. സ്വർഗ്ഗത്തിൽ സൂക്ഷിക്കപ്പെട്ട അവകാശത്തിനു അവകാശി അല്ലാത്ത എത്ര കാര്യം?
4. ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ ആകാൻ എത്ര കാര്യം നീക്കിക്കളയണം?
5. കീഴടങ്ങുവിൻ. കീഴടങ്ങിയിരിപ്പിൻ ഇവ എത്ര പ്രാവശ്യം?
6. കർത്താവ് പാതാളത്തിലുള്ളവരോട് സുവിശേഷം അറിയിച്ചു എന്നുള്ളതിന്റെ എത്ര സൂചന ലേഖനത്തിൽ കാണാം?
7. ക്രിസ്ത്യാനി എന്ന പദം എത്ര പ്രാവശ്യം?
8. വിലയേറിയ എത്ര കാര്യങ്ങൾ ലേഖനത്തിൽ കാണാം?
9. അല്പജനം എന്നുവെച്ചാൽ എത്ര പേർ?
10. എത്ര കാര്യങ്ങളാണ് ജാതികളുടെ ഇഷ്ടം ചെയ്യുവാൻ സഹായിക്കുന്നത്?
11. ചോദ്യം 2–നോട് ചോദ്യം 9 കൂട്ടുക. വീണ്ടും ചോദ്യം 8 കൂട്ടുക. അതിനെ ചോദ്യം 7 കൊണ്ട് ഗുണിക്കുക. വീണ്ടും ചോദ്യം 3 കൊണ്ട് ഗുണിക്കുക. അതിനോട് ചോദ്യം 1 കൂട്ടുക. അതിൽനിന്നും ചോദ്യം 4 കുറയ്ക്കുക. വീണ്ടും ചോദ്യം 5 കൂട്ടുക. വീണ്ടും ചോദ്യം 10 കുറയ്ക്കുക. അതിൽനിന്നും ചോദ്യം 6 കൂട്ടുക. നിങ്ങളുടെ ഉത്തരം എത്ര?

മാസികാംഗങ്ങൾക്ക് സുവാർത്താ
കത്തെഴുത്തു മത്സരം
അവസാന തീയതി: നവംബർ 30
കൂടുതൽ വിവരണങ്ങൾ
സെപ്ററംബർ ലക്കം മാസികയിൽ


**A MODERN FAMILY BOARDING FOR YOUR CHILDREN!!**

# CHILDREN'S DAY–CARE & BOARDING

**(English Medium) Maruthoor-Mukolakkal Road**

**TRIVANDRUM-5**

**This new family boarding is specially designed and constructed for the boarding of school children from abroad who do their schooling in Trivandrum. It is the first of its kind in Trivandrum.**

**CHILDREN'S DAY-CARE & BOARDING** provides

★ A homely atmosphere with personal caring
★ Spacious accommodations with modern sanitations
★ Extra study rooms with recreational facilities

**CHILDREN'S DAY-CARE & BOARDING** operates a boarding van to the best-ranking English Medium schools in Trivandrum.

★ St. Thomas Residential School (I. C. S. E. Scheme), Mukolakkal
★ Marthoma High School, Mukolakkal
★ Mount Lourdes High School, Vattappara
★ Sarvodaya School, Nalanchira

**CHILDREN'S DAY-CARE & BOARDING** facilitates.

★ Periodical reports to the parents on academical progress
★ Arrangement of private tuitions on weak subjects
★ Airport Services (in Trivandrum) for children visiting their parents abroad

**Most of our inmates, male and female, join us from Europe, USA and Canada. Advance booking and reservation of seats for the school-year 1988-89 continue at Goerresstr 18,5090 Leverkusen 1, West Germany.**

George Johnykutty
Director.

This institution is owned and directed by Mr. George Johnykutty, a former boarding teacher - at present a Public High School teacher in west Germany, returning to Trivandrum in April, 1988 after completing 15 years of service in teaching abroad. A boarding seat can be reserved by paying a security deposit of 250 US Dollars or 500 DM which will subsequently fall under the admission fee. The expected monthly fee including academic services is not less than Rs. 700 per month at the current stand.

Licence No. 475
11th APRIL 1946
Registered No. KL—KTM—38

# THE MALANKARA SABHA

Catholicate Office, Kottayam—686 038

13—ാം സ്ഥാനാരോഹണദിനം
27—10—1987



പ. ബാവാ തിരുമേനിക്ക്
ആദരാഞ്ജലികൾ
P. G. INTERNATIONAL
TAMPA—FLORIDA—U S A

Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38
Chief Editor: Very. Rev. Ramban Dr. N. J. Thomas